കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# കാട്ടാക്കട ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

2017-18

ജില്ലാ ഓഡിറ്റ് കാര്യാലയം,

തിരുവനന്തപുരം.

e-mail:lfadtvm@yahoo.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.റ്റി.വി.എം.ജി.പി.5/2572/2018

കേരളസംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം,

തിരുവനന്തപുരം,

തീയതി: 16.02.2019

ഫോൺ-0471-2331231

ഇ-മെയിൽ- lfadtvm@yahoo.in

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന )

കാട്ടാക്കട ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : കാട്ടാക്കട ഗ്രാമപഞ്ചായത്ത് - 2017-18സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 -ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കാട്ടാക്കട ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) -ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദി കളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ് പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക).

വിശ്വസ്തതയോടെ

ഒപ്പ്

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം).

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ.

3) കാര്യാലയ പകർപ്പ്.

നം.കെ.എസ്.എ.റ്റി.വി.എം.ജി.പി.5/2572/2018 തീയതി: 16.02.2019

തിരുവനന്തപുരം ജില്ലയിലെ കാട്ടാക്കടഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

*(1994 -ലെ കേരള പഞ്ചായത്ത് രാജ് നിയമം - വകുപ്പ് 215(4), 1994 -ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996-ലെ കേരള ലോക്കൽഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)*

തിരുവനന്തപുരം ജില്ലയിലെ കാട്ടാക്കട ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 10.07.2017 മുതൽ 12.11.2018 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു .

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 39 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 25 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. മറുപടി പരിഗണിച്ചതിൻ ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.സാജൻലാൽ.എസ്.ജെ, ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 12.11.2018മുതൽ 21.11.2018വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി സിന്ധുലാബീവി വി.എം., ഓഡിറ്റ് ഓഫീസർ<br>ശ്രീ അനിൽകുമാർ ആർ, സീനിയർ ഗ്രേഡ് ഓഡിറ്റർ<br>ശ്രീമതി.ആശ ജി.ആർ., സീനിയർ ഗ്രേഡ് ഓഡിറ്റർ.<br>ശ്രീമതി.ജയലക്ഷ്മി.ബി.കെ, സീനിയർ ഗ്രേഡ് ഓഡിറ്റർ.<br>ശ്രീ.ഷിംജി.ജി,ഓഡിറ്റർ |

(ബി) നിർവ്വഹണാധികാരികൾ

പ്രസിഡന്റ് : ശ്രീമതി.അജിതാ എസ് : 01.04.2017 മുതൽ 31.03.2018 വരെ

സെക്രട്ടറി : ശ്രീ.ജീവൻ എസ് : 01.4.17 മുതൽ 31.03.2018 വരെ

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| സെക്രട്ടറി | ശ്രീ. ജീവൻ എസ് | 01.04.2017 മുതൽ 31.03.2018 വരെ |
| അസി.സെക്രട്ടറി | ശ്രീ.കൃഷ്ണകുമാർ ഇ.എസ് | 01.04.2017 മുതൽ 31.03.2018 വരെ |
| അസി. എഞ്ചിനീയർ | ശ്രീമതി. ഗംഗ | 01.04.17 മുതൽ 07.10.17വരെ |
| | ശ്രീ. സിബിൻ എസ് | 07.10.17 മുതൽ 31.03.18വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ.എൻ. പി മാത്യൂ | 01.04.2017മുതൽ 13.12.2017 വരെ |
| | ഡോ.ലീന തോമസ് | 14.12.2017മുതൽ 31.03.2018വരെ |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | ഡോ.ശാന്തകുമാർ | 01.04.2017മുതൽ31.03.18 വരെ |
| വെറ്ററിനറി സർജൻ | ഡോ.തമ്പിരാജ് | 01.04.2017മുതൽ 31.10.2017 വരെ |
| | ഡോ. മണികണ്ഠൻ | 01.11.2017 മുതൽ 11.03.2018വരെ |
| | ഡോ.പ്രസാദ് | 12.08.17 മുതൽ 31.03.18 വരെ |
| എച്ച്.എം.- | ശ്രീ രത്നാകരൻ | 01.04.2017മുതൽ 31.03.2018 വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി സുജാത | 01.04.2017 മുതൽ 31.03.2018 വരെ |
| വി.ഇ.ഒ | ശ്രീ.സുജിത് | 01.04.2017മുതൽ 31.03.2018 വരെ |
| കൃഷി ഓഫീസർ | ശ്രീ.നിസ്സാം | 01.04.2017 മുതൽ 31.03.2018 വരെ |

ഉള്ളടക്കം


| ക്രമ നം. | ഭാഗം - 1 | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| 1 | ബജറ്റ് | 1-1 | |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 | |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം. | 1-3 | |
| 4 | സാമ്പത്തിക വിശകലനം | 1-4 | |
| 5 | ഫണ്ട് വിനിയോഗം | 1-5 | |
| 6 | പദ്ധതി അവലോകനം. | 1-6 | |

| | | | |
|---|---|---|---|
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 | |
| 8 | ക്ഷേമപദ്ധതികൾ | 1-8 | |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 | |
| 10 | ആഭ്യന്തര നിയന്ത്രണം | 1-10 | |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 | |
| 12 | വാർഷിക കണക്കുകളിലെ അപാകത | 3-12 | |
| | ഭാഗം - 2<br>വരവ് കണക്കുകളിലെ ഓഡിറ്റ് നിരീക്ഷണങ്ങൾ | | |
| 13 | ബജറ്റ് രൂപീകരണം - നടപടി ക്രമം പാലിച്ചില്ല | 2-1 | |
| 14 | ബജറ്റിൽ വകയിരുത്തിയതിൽ അധികം തുക ചെലവ് ചെയ്തു | 2-2 | |
| 15 | മൊബൈൽ ടവറുകളുടെ വസ്തുനികുതി - കുടിശ്ശിക ഈടാക്കേണ്ടതാണ്. | 2-3 | |
| 16 | തൊഴിൽ നികുതി - രജിസ്റ്ററുകൾ പരിപാലിക്കുന്നില്ല. | 2-4 | |
| 17 | ഡി&ഒ ലൈസൻസ് | 2-5 | |
| | ഭാഗം-3 | | |
| 18 | ഗ്രാമപഞ്ചായത്ത് ഓഫീസിലെ സെർവർ റൂം നവീകരണം | 3-1 | |
| 19 | എൻ.ആർ.ഇ.ജി.എസ് ജീവനക്കാരുടെ തൊഴിൽ നികുതിയിനത്തിലെ തുക തനത് ഫണ്ടിലേയ്ക്ക് റീക്ലപ്പ് ചെയ്തിട്ടില്ല - തനത് ഫണ്ടിന് നഷ്ടം 7500/- രൂപ | 3-2 | |
| 20 | തെരുവ് വിളക്കുകൾക്ക് വാർഷിക മെയിന്റനൻസ് - കരാർ തുകയിൽ അധികരിച്ച് കരാറുകാരന് തുക അനുവദിച്ചു. 399925/- രൂപ തടസ്സപ്പെടുത്തുന്നു. | 3-3 | |
| 21 | സംയുക്ത പ്രോജക്ടുകൾ - ചെലവഴിക്കാത്ത ബ്ലോക്ക് വിഹിതം തിരികെ ഒടുക്കിയിട്ടില്ല | 3-4 | |
| 22 | ഗുണഭോക്തൃ തെരഞ്ഞെടുപ്പ് - യഥാർത്ഥ ഗുണഭോക്താക്കൾക്ക് പ്രോജക്ട് ആനുകൂല്യം ലഭ്യമാകുന്നില്ല | 3-5 | |
| 23 | മോണിറ്ററിംഗിന്റെ അഭാവത്തിൽ പദ്ധതികൾ ലക്ഷ്യം നേടുന്നുണ്ടോ എന്ന് ഉറപ്പാക്കപ്പെടുന്നില്ല | 3-6 | |
| 24 | മുൻകൂർ ക്രമീകരിച്ചിട്ടില്ല | 3-7 | |
| 25 | കരാർ കാലാവധിയ്ക്കുള്ളിൽ പണി പൂർത്തീകരിക്കാത്തതിന് - പിഴ ഈടാക്കിയിട്ടില്ല. | 3-8 | |
| 26 | ഗുണഭോക്തൃ സമിതി നിർവ്വഹണം നടത്തുന്ന പദ്ധതികൾ - അപാകതകൾ | 3-9 | |
| 27 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല. 5703909/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 3-10 | |
| 28 | റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കിയിട്ടില്ല | 3-11 | |
| 29 | പ്രോജക്ടുകളുടെ യഥാർത്ഥ ചെലവും ചെലവു പത്രികയിലെ തുകയും പൊരുത്തപ്പെടുന്നില്ല | 3-12 | |
| 30 | കാർഷിക കർമ്മസേനയ്ക്ക് ട്രാക്ടർ - മാർഗ്ഗരേഖ നിർദ്ദേശങ്ങൾ | 3-13 | |

| | | | |
|---|---|---|---|
| | പാലിച്ചിട്ടില്ല | | |
| 31 | പശു വളർത്തൽ/കിടാരി വളർത്തൽ ഗുണഭോക്താക്കൾക്ക് നേരിട്ട് സബ്സിഡി തുക കൈമാറിയിരിക്കുന്നു. | 3-14 | |
| 32 | പാലിന് സബ്സിഡി – രേഖകൾ കൃത്യമായി സൂക്ഷിക്കുന്നില്ല. | 3-15 | |
| 33 | ആടിനുള്ള സബ്സിഡി വിൽക്കാത്ത ആളിന് തുക നൽകി | 3-16 | |
| 34 | പട്ടികജാതിക്കാർക്കുള്ള ഗാർഹിക കുടിവെള്ള കണക്ഷൻ – ആവശ്യമായ രേഖകൾ ഹാജരാക്കാതെ ധനസഹായം നൽകി – 6000/- രൂപ തടസ്സപ്പെടുത്തുന്നു. | 3-17 | |
| 35 | പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വിതരണം പ്രോജക്ട് നടത്തിപ്പിലെ അപാകതകൾ | 3-18 | |
| 36 | തൊഴിലുറപ്പ് പദ്ധതി – ഓഡിറ്റ് നിരീക്ഷണങ്ങൾ | 3-19 | |
| 37 | തെരുവ് വിളക്ക് ഇലക്ട്രിക് ഉപകരണങ്ങൾ വാങ്ങൽ – നടപടിക്രമങ്ങളിലെ അപാകതകൾ | 3-20 | |
| 38 | ചെലവഴിച്ച തുകയ്ക്കുള്ള മരുന്നുകൾ ലഭ്യമായില്ല | 3-21 | |
| 39 | ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ – നോൺഅവൈലബിലിറ്റി സർട്ടിഫിക്കറ്റ് ലഭ്യമായില്ല | 3-22 | |
| 40 | പാലിയേറ്റീവ് സെക്കന്ററി ലെവൽ വിഹിതം നൽകൽ – തുക തടസ്സപ്പെടുത്തുന്നു. | 3-23 | |
| 41 | അങ്കണവാടികളിലെ അടിസ്ഥാന സൗകര്യങ്ങൾ അപര്യാപ്തം | 3-24 | |
| 42 | ജാഗ്രതാ സമിതി – പ്രവർത്തനം തൃപ്തികരമല്ല | 3-25 | |
| 43 | വിവിധ പദ്ധതികൾക്കായി ലഭിച്ച തുകകൾ ചെലവഴിക്കാതെ തനത് ഫണ്ടിൽ സൂക്ഷിച്ചിരിക്കുന്നു. | 3-26 | |
| 44 | ഓഡിറ്റ് ഇൻപാക്ട് | 3-27 | |
| | ഭാഗം - 4 | | |
| 45 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 | |
| 46 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 | |
| 47 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 | |
| 48 | വായ്പ/വായ്പ തിരിച്ചടവ് | 4-4 | |
| 49 | സ്ഥിരനിക്ഷേപങ്ങൾ | 4-5 | |
| 50 | ഓഡിറ്റ് റിക്കവറി | 4-6 | |
| 51 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 | |
| 52 | ഓഡിറ്റ് പ്രത്യവലോകനം | 4-8 | |
| 53 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 | |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2017-18വർഷത്തെ ബജറ്റ് 23.03.2017 തീയതിയിലെ 1-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. മുന്നിരിപ്പ് ഉൾപ്പെടെ 32,38,62,600/-രൂപ വരവും 37,60,88,300/-രൂപ ചെലവുമാണ് പ്രതീക്ഷിച്ചിരുന്നത്. യഥാർത്ഥ വരവ് 135260,190/-രൂപയും (മുന്നിരിപ്പ് ഉൾപ്പെടെ) ചെലവ് 12,85,98,059/-.രൂപയുമാണ് (റസീപ്റ്റ് & പേമെന്റ് പ്രകാരം) .

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2017 | 04.05.2018 (online) | - | - |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നല്കിയതിന്റെ വിവരം.

04.09.2018-ലെ കെ.എസ്.എ.റ്റി.വി.എം/ജി.പി.5/1481/2018 പ്രകാരം വാർഷിക ധനകാര്യപത്രികയുടെ ഓഡിറ്റ് സാക്ഷ്യപത്രം പുറപ്പെടുവിച്ചിട്ടുണ്ട്.

## 1-4 സാമ്പത്തിക വിശകലനം(റസീപ്റ്റ് &പേയ്മെന്റ് പ്രകാരം)

മുന്നിരിപ്പ് : 1,65,45,986/-

വരവ് : 11,87,14,204 /-

ആകെ : 13,52,60,190 /-

ചെലവ് : 12,85,98,059 /-

നീക്കിയിരിപ്പ് : 66,62,131 -

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കി യിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 24887292 | 24887292 | 24887292 | 0 |
| വികസനഫണ്ട് (എസ്.സി.പി.) | 0 | 9969731 | 9969731 | 9969731 | 0 |
| വികസനഫണ്ട് (ടി.എസ്.പി.) | 0 | 204500 | 204500 | 204500 | 0 |

| | | | | | |
|---|---|---|---|---|---|
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 11743193 | 11743193 | 11743193 | 0 |
| കെ.എൽ.ജി.എസ് ഡി.പി | 0 | 1382458 | 1382458 | 1382458 | 0 |
| സംരക്ഷണഗ്രാന്റ് (നോൺ റോഡ്) | 0 | 5555877 | 5555877 | 5555877 | 0 |
| സംരക്ഷണഗ്രാന്റ് (റോഡ്) | 0 | 22842555 | 22842555 | 22842555 | 0 |
| എം.ജി.എൻ.ആർ. ഇ.ജി.എസ് | 285651 | 3202374 | 3488025 | 3415414 | 72611 |
| ജനറൽ പർപ്പസ് ഗ്രാന്റ് (ട്രഷറി റ്റി.എസ്.ബി) | 10463159 | 1362500 | 11825659 | 12716351 | -890692 |
| ബി ഫണ്ട് | 0 | 948000 | 948000 | 948000 | 0 |
| ഡി.സി.ബി | 5773 | 234 | 6007 | 0 | 6007 |
| എസ്.ബി.ടി റിലീഫ് | 198614 | 164463 | 363077 | 119263 | 243814 |
| എസ്.ബി.ടി സാക്ഷരത | 2186 | 101 | 2287 | 0 | 2287 |
| കാഷ് | 107294 | 0 | 107294 | 107294 | 0 |
| തനത് ഫണ്ട് (എസ് ബി ഐ കറന്റ് അക്കൗണ്ട് , എസ്.ബി.റ്റി. ഓൺഫണ്ട്, ബാങ്ക് ഓഫ് ബറോഡ) | 5483309 | 36450926 | 41934235 | 34633520 | 7300715 |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം. | നിർവഹണ ഉദ്യോഗസ്ഥൻ | അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | പൂർണ്ണമായി നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|---|
| 1 | കൃഷിഓഫീസർ | 11 | 2693850 | 3 | 1811895 | 7 | 1 | 27 |
| 2 | വെറ്ററിനറി സർജൻ | 5 | 7040000 | 2 | 341800 | 3 | 0 | 4 |
| 3 | മെഡിക്കൽ ഓഫീസർ (പി.എച്ച് സി.) | 11 | 194900 | 8 | 1914622 | 3 | 0 | 72 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 5 | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 3 | 1400000 | 3 | 1400000 | 0 | 0 | 100 |
| 6 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 4 | 3924500 | ഇല്ല | 3468970 | 4 | 0 | 0 |
| 7 | വി.ഇ.ഒ | 11 | 1586500 | 1 | 10837500 | 10 | 0 | 09 |
| 8 | സെക്രട്ടറി | 38 | 18354462 | 10 | 15202536 | 18 | 10 | 26 |
| 9 | അസിസ്റ്റന്റ് സെക്രട്ടറി | 10 | 1950700 | 5 | 1731810 | 4 | 1 | 50 |
| 10 | അസിസ്റ്റന്റ് എഞ്ചിനിയർ | 131 | 56518966 | 67 | 38345502 | 36 | 28 | 51 |
| 11 | ഡയറി ഫാം ഇൻസ്ട്രക്ടർ | 6 | 8789080 | - | 4787800 | 6 | 0 | 0 |
| 12 | ഹെഡ്മാസ്റ്റർ,. | 11 | 2194800 | 6 | 1360140 | 2 | 3 | 54 |
| | ആകെ | 241 | 120680278 | 165 | 84278775 | 93 | 43 | |

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണച്ചെലവുകൾ | 285651 | 3202374 | 3488025 | 3415414 | 72611 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 72853040 | 72853040 | 72853040 | 0 |
| ആകെ | 285651 | 76055414 | 76341065 | 76268454 | 72611 |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 392280 | 668 |

| | | |
|---|---|---|
| കർഷക തൊഴിലാളി പെൻഷൻ | 6127900 | 533 |
| വിധവാപെൻഷൻ | 20125800 | 1746 |
| വാർദ്ധക്യകാല പെൻഷൻ | 43108400 | 3465 |
| വികലാംഗ പെൻഷൻ | 5860200 | 500 |
| വിധവകളുടെ പെൺമക്കൾക്കുള്ള ധനസഹായം | 510000 | 17 |
| അവിവാഹിതരായ സ്ത്രീകൾക്കുള്ള ധനസഹായം | 929500 | 80 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 12.11.18ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 7707/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തര നിയന്ത്രണം

പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം മെച്ചപ്പെടുത്തേണ്ടതുണ്ട്. സെക്രട്ടറി ഓഫീസ് ഉത്തരവുകൾ പുറപ്പെടുവിച്ച് ജീവനക്കാർക്ക് ജോലി വിഭജിച്ച് നൽകിയിട്ടുണ്ട്. വൗച്ചറുകളും, ബന്ധപ്പെട്ട രജിസ്റ്ററുകളും, രേഖകളും പരിശോധിച്ച് പ്രതിമാസ കണക്കുകളിൽ ഉൾക്കൊള്ളിച്ച ചെലവുകൾ ബജറ്റിൽ അധികരിച്ചിട്ടില്ലെന്നും മിതവും കാര്യക്ഷമവുമാണെന്നും ഉറപ്പ് വരുത്തുന്നതിൽ വീഴ്ചയുണ്ട്. പഞ്ചായത്തിലെ അക്കൗണ്ടിംഗ് സമ്പ്രദായം കുറ്റമറ്റതാകേണ്ടതുണ്ട്. പണം സ്വീകരിക്കുന്നതിനും, ഡെപ്പോസിറ്റ് ചെയ്യുന്നതിനും വ്യത്യസ്ത സെക്ഷനുകൾക്ക് ചുമതല വിഭജിച്ചു നൽകിയിട്ടുണ്ട്. ചെലവുകൾക്ക് വൗച്ചറുകളും, സബ് വൗച്ചറുകളും സൂക്ഷിക്കുന്നതിൽ അപാകമുണ്ട്. വരവുകൾ കൃത്യമായി തിട്ടപ്പെടുത്തുകയും ഈടാക്കുകയും ചെയ്യുന്നുവെന്ന് ഉറപ്പ് വരുത്തുന്നതിന് മതിയായ സംവിധാനം ഇല്ല.

മരാമത്ത് പ്രവൃത്തികൾ സംബന്ധിച്ച അളവ് പുസ്തകവും ഫയലുകളും സൂക്ഷിക്കുന്നുവെങ്കിലും ആസ്തി രജിസ്റ്റർ കാലികമാക്കുന്നില്ല. ഓഫീസ് വാഹനത്തിന്റെ പരിപാലനവും രജിസ്റ്ററുകൾ, രേഖകൾ എന്നിവയുടെ സൂക്ഷിപ്പും മെച്ചപ്പെടേണ്ടതുണ്ട്. ജീവനക്കാരുടെ ശമ്പളം ഉൾപ്പെടെയുള്ള തുകകൾ ബാങ്ക് അക്കൗണ്ടുകളിലേയ്ക്ക് ട്രാൻസ്ഫർ ചെയ്യുന്നുണ്ട്. ഭരണപരമായ നയങ്ങളുടെ പരിപാലനം നടപടിക്രമങ്ങൾ, കടമകൾ എന്നിവ നിറവേറ്റുന്നതിൽ പഞ്ചായത്ത് ഏറെക്കുറെ തൃപ്തികരമായ പ്രവർത്തനം നടത്തിയിട്ടുണ്ട്. ഗുണഭോക്തൃ തെരഞ്ഞെടുപ്പ് കൂടുതൽ ജനകീയമാക്കേണ്ടതുണ്ട്. ധനകാര്യ ഇടപെടലുകളുടെ കൃത്യത, പൂർണത, നിയമസാധുത എന്നിവ ഉറപ്പാക്കാൻ ഗ്രാമപഞ്ചായത്ത് ഇനിയും മുന്നോട്ട് പോകേണ്ടതുണ്ടെന്ന് വിലയിരുത്തുന്നു. ഭരണ-ഉദ്യോഗസ്ഥ തലത്തിലെ ഏകോപനം കൂടുതൽ മെച്ചപ്പെടുത്തി ഭരണം ചലനാത്മകമാക്കേണ്ടതുണ്ട്.

1-10- പൊതുഭരണം

1) ഫ്രണ്ട് ഓഫീസ് സംവിധാനം മെച്ചപ്പടുത്തണം

ഫ്രണ്ട് ഓഫീസ് സംവിധാനം മെച്ചപ്പെടുത്തുക വഴി ഭരണഘടനയുടെ ആമുഖത്തിൽ വിഭാവനം ചെയ്യുന്ന സാമൂഹ്യ നീതി, പദവിയിലും അവസരത്തിലുമുള്ള തുല്യത എന്നിവ സേവനപ്രദാനത്തിൽ ഉറപ്പുവരുത്തുവാൻ സഹായിക്കുന്നു.ഇതിലേയ്ക്കായി സർക്കാർ വിശദമായ മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്. (സ.ഉ(കൈ)123/09 /ത.സ്വ.ഭ.വ തീയതി 02.07.2009) മാർഗ്ഗരേഖയുടെ അടിസ്ഥാനത്തിൽ പഞ്ചായത്ത് സ്വീകരിച്ച നടപടി ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവർത്തനം | പഞ്ചായത്ത് സ്വീകരിച്ച നടപടി |
|---|---|---|
| 1 | ഓഫീസ് ഉത്തരവ് പ്രകാരം ജീവനക്കാർക്ക് ജോലി വിഭജിച്ച് നൽകണം | ജീവനക്കാർക്ക് ജോലി വിഭജിച്ച് നൽകിയിട്ടുണ്ട്. |
| 2 | പ്രതിമാസ ഓഫീസ് മീറ്റിംഗ് കൂടണം | എല്ലാ മാസവും കൂടിയിട്ടുണ്ട്. |
| 3 | പ്രതിമാസ പ്രവർത്തന പരിപാടി തയ്യാറാക്കി സ്റ്റിയറിംഗ് കമ്മിറ്റി ഭരണസമിതിക്ക് നൽകണം | പ്രവർത്തന പരിപാടി തയ്യാറാക്കി സ്റ്റിയറിംഗ് കമ്മിറ്റിക്ക് നൽകിയിട്ടില്ല. |
| 4 | റെക്കോർഡ് റൂം പരിപാലനം | റെക്കോർഡ് റൂം പരിപാലിച്ചിട്ടില്ല |
| | ഫ്രണ്ട് ഓഫീസ് | |
| 5 | രജിസ്ട്രേഷൻ/വിതരണ രജിസ്റ്റർ പരിപാലനം | വിതരണ രജിസ്റ്റർ പരിപാലിച്ചിട്ടുണ്ട്. |
| 6 | അപേക്ഷ/പരാതിക്ക് കൈപ്പറ്റ് രസീത് നൽകണം | കൈപ്പറ്റ് രസീത് നൽകാറുണ്ട്. |
| 7 | ഫ്രണ്ട് ഓഫീസ് ഡയറി തയ്യാറാക്കി സൂക്ഷിക്കണം | ഫ്രണ്ട് ഓഫീസ് ഡയറി തയ്യാറാക്കി സൂക്ഷിച്ചിട്ടുണ്ട്. എന്നാൽ അപൂർണ്ണമാണ്. മോണിറ്ററിംഗ് നടത്തിയിട്ടില്ല |
| 8 | ഫ്രണ്ട് ഓഫീസ് ഡ്യൂട്ടി രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കണം | ഫ്രണ്ട് ഓഫീസ് ഡ്യൂട്ടി രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടുണ്ട്. എന്നാൽ അപൂർണ്ണമാണ്. മോണിറ്ററിംഗ് നടത്തിയിട്ടില്ല |
| 9 | ഫോറം വിതരണ രജിസ്റ്റർ പരിപാലനം | ഫോറം വിതരണ രജിസ്റ്റർ പരിപാലിച്ചിട്ടില്ല |
| 10 | സൗജന്യമായി വിതരണം ചെയ്യുന്ന ഫോറങ്ങളുടെ വിവരം ഫ്രണ്ട് ഓഫീസിൽ എഴുതി പ്രദർശിപ്പിക്കണം | ഓഫീസിൽ എഴുതി പ്രദർശിപ്പിച്ചിട്ടില്ല. |
| 11 | വില ഈടാക്കുന്നവയ്ക്ക് വിതരണ രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ വരുത്തണം. 2017-18 സാമ്പത്തിക വർഷത്തിൽ ഈയിനത്തിൽ ലഭിച്ച വരവ് | രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ വരുത്തിയിട്ടില്ല |
| 12 | ലഭിക്കുന്ന തപാലുകൾ അന്നേ ദിവസം തന്നെ സെക്ഷനുകൾക്ക് നൽകണം. PR - ൽ ചേർത്ത വിവരം സൂപ്പർവൈസർ മോണിറ്റർ ചെയ്യണം. | തപാലുകൾ പിറ്റേ ദിവസം സെക്ഷനുകൾക്ക് നൽകാറുണ്ട്. മോണിറ്ററിംഗ് നടത്താറില്ല |
| 13 | ഫ്രണ്ട് ഓഫീസ് മോണിറ്ററിംഗ് സമിതി രൂപീകരണം | ഫ്രണ്ട് ഓഫീസ് പ്രവർത്തം സംബന്ധിച്ച് റിപ്പോർട്ട് നൽകാറില്ല. |
| 14 | ഫ്രണ്ട് ഓഫീസ് പ്രവർത്തനം സംബന്ധിച്ച് റിപ്പോർട്ട് വൈസ് പ്രസിഡന്റും സൂപ്പർവൈസറും ചേർന്ന് തയ്യാറാക്കി ഭരണ സമിതിക്ക് നൽകണം | ഫ്രണ്ട് ഓഫീസ് പ്രവർത്തനം സംബന്ധിച്ച് റിപ്പോർട്ട് നൽകാറില്ല |
| 15 | കേരള പഞ്ചായത്ത് രാജ് (ഭേദഗതി) നിയമം 1999 അദ്ധ്യായം 25 സി, വകുപ്പ് 272എ(1) ബന്ധപ്പെട്ട ചട്ടങ്ങൾ എന്നിവ പ്രകാരം പൗരാവകാശ രേഖ പുറപ്പെടുവിക്കണം | പൗരാവകാശ രേഖ പുറപ്പെടുവിച്ചിട്ടുണ്ട്. |

2) സേവനാവകാശം

സംസ്ഥാന സേവനാവകാശ നിയമം ( 01/01/2013-ലെ സ.ഉ (എം.എസ്) നമ്പർ 03/2013/തസ്വഭവ). പ്രകാരവും കേരള സംസ്ഥാന സേവനാവകാശം (Removal of Difficulties) ഉത്തരവ് ജി.ഒ.(പി) നമ്പർ 14/2013

/പി.ആൻറ് എ.ആർ.ഡി 20/04/2013-ലെ കേരള സംസ്ഥാന സേവനാവകാശ നിയമം 2012 (18/06/2012) വകുപ്പ് മൂന്നിലെ ദേഭഗതി പ്രകാരവും ചുമതലപ്പെടുത്തിയത് അനുസരിച്ചും സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകളിൽ നിന്നും നൽകിവരുന്ന സേവനങ്ങൾ, നിർദ്ദിഷ്ട സമയപരിധിക്കുള്ളിൽ അനുവദിച്ച് നൽകേണ്ടതാണ്.

ഗ്രാമപഞ്ചായത്തിൽ ലഭിച്ച മുഴുവൻ അപേക്ഷകളും സമയ ബന്ധിതമായി പൂർത്തീകരിച്ചതായി ഓഡിറ്റ് അന്വേഷണത്തിന് (നം 35/16.8.2018) മറുപടിയായിഅറിയിച്ചിട്ടുണ്ട്.എന്നാൽ ആയത് പരിശോധിക്കുന്നതിനായി 2017-18ലെ സേവനാവകാശ രജിസ്റ്ററോ മറ്റ് രേഖകളോ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. അതിനാൽ പൊതുജനങ്ങൾക്ക് ലഭിക്കേണ്ട സേവനങ്ങൾ നിശ്ചിത സമയപരിധിക്കുള്ളിൽ ലഭിച്ചുവെന്ന് ഉറപ്പാക്കാനായിട്ടില്ല. ജനാധിപത്യ സംവിധാനത്തിൽ ഭരണസ്ഥാപനങ്ങളിൽ നിന്നും പൗരന് ലഭിക്കേണ്ട അവകാശങ്ങളെ കുറിച്ചും അവയുടെ നിർവ്വഹണത്തെക്കുറിച്ചും ഉറപ്പ് വരുത്തുവാൻ ഉത്തരവാദിത്വമുള്ള സെക്രട്ടറിയും സേവനമേഖലയിലെ വർക്കിംഗ് ഗ്രൂപ്പിന്റെ മേൽനോട്ട ചുമതലയുള്ള വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും അർപ്പിതമായ ഉത്തരവാദിത്തം നിറവേറ്റി കാണുന്നില്ല.
പൊതുജനങ്ങൾക്കും, ജീവനക്കാർക്കും ഏർപ്പെടുത്തിയിട്ടുള്ള സൗകര്യങ്ങൾ, വിവര വ്യൂഹത്തിന്റെ പൂർണ്ണമാക്കൽ, പരിഷ്കരണം എന്നിവ നിരീക്ഷിയ്ക്കേണ്ടത് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചുമതലയാണ്. അത് ഉറപ്പ് വരുത്താൻ, ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ശ്രദ്ധിക്കേണ്ടതുണ്ട്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | വിവരം ലഭ്യമാക്കിയിട്ടില്ല | - | - |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 20.02.14 | 2008-09 മുതൽ 12-13വരെ | 5.5.14 |

## 1-12 വാർഷിക കണക്കുകളിലെ അപാകതകൾ

04.09.2018-ലെ കെ.എസ്.എ.റ്റി.വി.എം/ജി.പി5/1481/2018-ലെ വാർഷിക ധനകാര്യ പത്രികയുടെ ഓഡിറ്റ് സാക്ഷ്യപത്രത്തിലെ അപാകതകൾക്ക് പുറമെ ചുവടെ ചേർക്കുന്ന അപാകതകളും ഉൾക്കൊള്ളുന്നു.

1. ബി.7 ഷെഡ്യൂളിലെ തുകയും (Contractors EMD, Suppliers EMD, Bidders EMD, Contractors Security Deposit, Suppliers Security Deposit, Bidders Security Deposit, Auction deposit) ഡെപ്പോസിറ്റ് രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല.

2. EMS Housing loan ലെ നീക്കിയിരിപ്പ് (ബി5 പ്രകാരം) 3287619/- രൂപയും ലോൺ രജിസ്റ്റർ പ്രകാരം നീക്കിയിരിപ്പുമായി (3287618/-) പൊരുത്തപ്പെടുന്നില്ല.

3. കുടിശ്ശിക ഡിമാന്റ് ഇനത്തിലെ വരവ്, നീക്കിയിരിപ്പ് എന്നിവയിൽ എ.എഫ്.എസിലെ രേഖപ്പെടുത്തലുകളിൽ പൊരുത്തക്കേടുണ്ട്.

| ഇനം | B15-2016-17 (അരിയർ ഡിമാന്റ്) | RP43 (2017-18 വർഷം) | B15 (2017-18 വർഷം) | യഥാർത്ഥത്തിൽ വരേണ്ടത് ബി-15 |
|---|---|---|---|---|
| Rent from building (arrear) | 475082 | 44208 | 471978 | 430874 |
| Property tax (Non residence) | 8270987 | 1336415 | 1637635 | 6934572 |

| | | | | |
|---|---|---|---|---|
| Property tax ( residence) | 2171051 | 2462433 | 127751 | 291382 |
| Profession Tax (Traders) | 0 | 20720 | - | - |
| D&O | 0 | 15300 | - | - |

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ബജറ്റ് രൂപീകരണം- നടപടിക്രമം പാലിച്ചില്ല

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട്, വകുപ്പ് 214 ഉപവകുപ്പ് (1) പ്രകാരം സർക്കാർ അതതു സമയം പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങളും നിർണ്ണയിക്കപ്പെടുന്ന ചട്ടങ്ങളും വിധേയമായി വാർഷിക ബജറ്റ് രൂപീകരണത്തിനായി ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഇനം | നടപടിക്രമം | ഗ്രാമപഞ്ചായത്തിന്റെ നടപടിക്രമം (ഓഡിറ്റ് അന്വേഷണം നം.10 ന് നൽകിയ മറുപടി) |
|---|---|---|---|
| 1 | നോൺപ്ലാൻ വരവ് ചെലവുകളുടെ കരട് പ്രപ്പോസൽ ആവശ്യപ്പെടൽ | ഡിസംബർ 15-ന് മുൻപ് | ഇല്ല |
| 2 | നോൺപ്ലാൻ വരവ് ചെലവുകളുടെ കരട് പ്രപ്പോസലുകൾ ഘടകസ്ഥാപനങ്ങൾ സമർപ്പിക്കൽ | ജനവരി 15-ന് മുൻപ് | സമർപ്പിച്ചിട്ടില്ല |
| 3 | ക്രോഡീകരണത്തിനായി വിവിധ സ്റ്റാന്റിംഗ് കമ്മറ്റികൾ ചേരൽ | ജനവരി 25-ന് മുൻപ് | ക്രോഡീകരണത്തിനായി കമ്മിറ്റികൾ ചേർന്നിട്ടില്ല |
| 4 | ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയിൽ പ്രെപ്പോസൽ വയ്ക്കൽ,ക്രോഡീകരണം | ഫെബ്രുവരി 1-ന് മുൻപ് | 18.03.17 |
| 5 | ബജറ്റ് വർഷത്തേക്കുള്ള വാർഷിക പദ്ധതി | ഫെബ്രുവരി | 13.06.17 |

| | | | |
|---|---|---|---|
| | അംഗീകാരം | 28-ന് മുൻപ് | |
| 6 | ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി കരട് ബജറ്റ് നിർമ്മാണം/അംഗീകരിക്കൽ | മാർച്ച് 1-ന് മുൻപ് | 21..03.17 |
| 7 | കരട് ബജറ്റ് ചർച്ച ചെയ്യുന്നതിനായി പ്രത്യേക പഞ്ചായത്ത് കമ്മറ്റി ചേരൽ | മാർച്ച് 7-ന് മുൻപ് | 21.03.2017 |
| 8 | അന്തിമ ബജറ്റ് അംഗീകാരത്തിനായി പ്രത്യേക പഞ്ചായത്ത് കമ്മറ്റി ചേരൽ | മാർച്ച് 31-ന് മുൻപ് | 22.03.2017 |

ബജറ്റ് തയ്യാറാക്കുന്നതിനാവശ്യമായ ശുപാർശകൾ ലഭ്യമാക്കുവാൻ ഗ്രാമപഞ്ചായത്ത് വിവിധ ഘടകസ്ഥാപനങ്ങളോട് സമയബന്ധിതമായി ആവശ്യപ്പെട്ടിട്ടില്ല. എല്ലാ ഘടകസ്ഥാപനങ്ങളുടെയും ആവശ്യകതാനിർണയം കൃത്യമായി നിർണയിച്ചാണോ കരട് ബജറ്റ് തയാറാക്കിയതെന്ന് വിലയിരുത്താൻ കഴിഞ്ഞില്ല. കരട് പ്രപ്പോസലുകൾ ക്രോഡീകരണത്തിനായി വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികൾ ചേർന്നിട്ടില്ല. മേൽ വിഷയത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും ഭരണസമിതിയുടെയും ശ്രദ്ധ ക്ഷണിക്കുന്നു.

## 2-2 ബജറ്റിൽ വകയിരുത്തിയതിൽ അധികം തുക ചെലവു ചെയ്തു

കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ട 72പ്രകാരം അടുത്ത വർഷത്തെ ബജറ്റ് നിർദേശങ്ങളുടെ ഭാഗമായി മാർച്ച് മാസത്തിൽ സമർപ്പിക്കുന്ന പുതുക്കിയ ബജറ്റ് എസ്റ്റിമേറ്റ് തന്നാണ്ടിലെ ബജറ്റിൽ വകയിരുത്താത്ത തുകകൾ ചെലവ് ചെയ്യുന്നതിനുള്ള അനുമതി നൽകുന്ന പുതുക്കിയ ബജറ്റ് ആയി കണക്കാക്കാൻ പാടില്ല. എന്നാൽ കാട്ടാക്കട ഗ്രാമ പഞ്ചായത്തിൽ ഇപ്രകാരമാണ് പുതുക്കിയ ബജറ്റ് തയാറാക്കിയത്. ആയതു ചട്ട വിരുദ്ധമാണ്

കേരളാ പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 214 (8) പ്രകാരം ബഡ്ജറ്റിൽ വകയിരുത്തിയതിൽ കവിഞ്ഞ എന്തെങ്കിലും ചെലവ് വരുത്തി വെക്കാൻ പാടില്ല .താഴെപ്പറയുന്ന ഹെഡുകളിൽ ബജറ്റിൽ വകയിരുത്തിയതിലധികം ചെലവു ചെയ്തു.

| ഹെഡ് | ഇനം | വകയിരുത്തിയ തുക | ചെലവഴിച്ച തുക | അധികമായി ചെലവഴിച്ച തുക |
|---|---|---|---|---|
| 2201001 | വാടക | 0 | 2000 | 2000 |
| 2102101 | പ്രിന്റിംഗ് , സ്റ്റേഷനറി | 330000 | 392042 | 62042 |
| 2206001 | പരസ്യവും പ്രചരണവും | 38000 | 43124 | 5124 |
| 2207101 | അസാധാരണ ചെലവുകൾ | 6000 | 18800 | 12800 |
| 2208001 | മറ്റ് ഭരണചെലവുകൾ | 750000 | 1100777 | 350777 |
| 2304001 | വാടക | 20000 | 55650 | 35650 |
| 3502001 | റിക്കവറികൾ അടവാക്കാനുള്ളത് | 1675000 | 2173541 | 498541 |
| 3502002 | വർക്ക് ബില്ലിൽനിന്നുള്ള റിക്കവറികൾ | 100000 | 128929 | 28929 |

| | | | | |
|---|---|---|---|---|
| | അടവാക്കാനുള്ളത് | | | |
| ആകെ | | | | 9,95,863 |

ബജറ്റും ചെലവുകളുടെ നിയന്ത്രണവും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചുമതലയിൽപ്പെടുന്നതാണ്. ആയതിനാൽ ഈ വിഷയത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും ഭരണസമിതിയുടെയും ശ്രദ്ധ ക്ഷണിക്കുന്നു.

## 2-3 മൊബൈൽ ടവറുകളുടെ വസ്തുനികുതി- കുടിശ്ശിക ഈടാക്കേണ്ടതാണ്

ഗ്രാമപഞ്ചായത്ത് പരിധിയിൽ 12 മൊബൈൽ ടവറുകളാണുള്ളത്. സഞ്ചയ സോഫ്റ്റ് വെയർ പരിശോധിച്ചതിൽ ഇവയിൽ 11 എണ്ണത്തിൽ നിന്ന് വസ്തുനികുതി കുടിശ്ശിക ഈടാക്കാനവശേഷിക്കുന്നതായി രേഖപ്പെടുത്തിയിരിക്കുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | കെട്ടിടം നം/ മൊബൈൽ ടവർ | വസ്തുനികുതി കുടിശ്ശിക | കുടിശ്ശിക കാലയളവ് |
|---|---|---|---|
| 1 | 646/ബി.എസ്.എൻ.എൽ | 24612 | 2011 ആദ്യപകുതി മുതൽ 2018 രണ്ടാംപകുതി വരെ |
| 2 | 622/ ബി.എസ്.എൻ.എൽ | 102060 | 2013ആദ്യപകുതി മുതൽ 2018 രണ്ടാംപകുതി വരെ |
| 3 | 751/ റിലയൻസ് ഇൻഫ്രാടെൽ ലിമി. | 40824 | 2013 ആദ്യപകുതി മുതൽ 2018 രണ്ടാംപകുതി വരെ |
| 4 | 175/റിലയൻസ് ഇൻഫ്രാടെൽ ലിമി. | 1578 | 2013 ആദ്യപകുതി മുതൽ 2018 രണ്ടാംപകുതി വരെ |
| 5 | 771/റിലയൻസ് ഇൻഫ്രാടെൽ ലിമി. | 6143 | 2018 ആദ്യപകുതി മുതൽ 2018 രണ്ടാംപകുതി വരെ |
| 6 | 623/റിലയൻസ് ഇൻഫ്രാടെൽ ലിമി. | 20412 | 2013 ആദ്യപകുതി മുതൽ 2018 രണ്ടാംപകുതി വരെ |
| 7 | 448/ഐഡിയ മൊബൈൽ | 9213 | 2013 ആദ്യപകുതി മുതൽ 2018 രണ്ടാംപകുതി വരെ |
| 8 | 770/വയർലെസ്സ് ഇൻഫോസർവ്വീസ് ലിമി. | 7088 | 2018 ആദ്യപകുതി മുതൽ 2018 രണ്ടാംപകുതി വരെ |
| 9 | 624/ഭാരതി ഇൻഫ്രാടെൽ | 7451 | 2018 ആദ്യപകുതി മുതൽ 2018 രണ്ടാംപകുതി വരെ |
| 10 | 666/ഇൻഡസ് ടവേർസ് | 49896 | 2013 ആദ്യപകുതി മുതൽ |

| | | | |
|---|---|---|---|
| | | | 2018 രണ്ടാംപകുതി വരെ |
| 11 | 701/ഭാരതി ഇൻഫ്രാടെൽ | 6804 | 2018ആദ്യപകുതി മുതൽ 2018 രണ്ടാംപകുതി വരെ |

കുടിശ്ശിക വസ്തുനികുതി സമയബന്ധിതമായി ഈടാക്കി വിവരം ലഭ്യമാക്കേണ്ടതാണ്. ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധക്ഷണിക്കുന്നു.

## 2-4 തൊഴിൽനികുതി

(a) രജിസ്റ്ററുകൾ പരിപാലിക്കുന്നില്ല

(1) അസ്സസ്മെന്റ് രജിസ്റ്റർ- നികുതി ചുമത്താവുന്ന സ്ഥാപനങ്ങളുടെയും വ്യക്തികളുടെയും പേര് വിവരങ്ങൾ അടങ്ങിയ അസ്സസ്മെന്റ് രജിസ്റ്റർ 1996-ലെകേരള പഞ്ചായത്തീരാജ് (നികുതിചുമത്തലും അപ്പീലും) ചട്ടങ്ങൾ 5-ലെ മാതൃകയിൽ സൂക്ഷിക്കണം.എന്നാൽ കാട്ടാക്കട ഗ്രാമപഞ്ചായത്തിൽ രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

(2) ഡിമാൻറ് രജിസ്റ്റർ-തദ്ദേശസ്വയംഭരണ സ്ഥാപനത്തിൻെറ കീഴിൽ തൊഴിൽനികുതി ഈടാക്കാനുള്ള മുഴുവൻ സ്ഥാപനങ്ങളും വ്യാപാരികളും കമ്പനികളും വ്യക്തികളും ഉൾപ്പെട്ട രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്.എന്നാൽ ഈ ഗ്രാമപഞ്ചായത്തിൽ സൂക്ഷിക്കുന്ന ഡിമാൻറ് രജിസ്റ്റർ, തൊഴിൽനികുതി ഈടാക്കിയ സ്ഥാപനങ്ങൾ, വ്യക്തികൾ മാത്രം ഉൾപ്പെട്ടതാണ്.

(3) മുൻവർഷങ്ങളിൽ പിരിച്ചെടുക്കാതെ ബാക്കിയായ നികുതികുടിശ്ശിക ഡിമാൻറ് രജിസ്റ്ററിൽ ചേർക്കണം. എന്നാൽ ഈ ഗ്രാമപഞ്ചായത്തിൽ കുടിശ്ശിക ഡിമാൻറ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല. ഈ രജിസ്റ്റർ സൂക്ഷിക്കാതിരുന്നാൽ കുടിശ്ശിക നികുതി പിരിവ് ശ്രദ്ധിക്കാൻ കഴിയാതെ വരികയും പിരിച്ചെടുക്കാത്ത കുടിശ്ശിക 3 വർഷം കഴിയുമ്പോൾ യാതൊരു നടപടിയും സ്വീകരിക്കാൻ കഴിയാതെ കാലാഹരണപ്പെടുകയും ചെയ്യും. രജിസ്റ്ററുകൾ പരിപാലിച്ച് പഞ്ചായത്തിന്റെ തനതു വരുമാനം ഉയർത്തുന്നതിന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

(b) വരുമാന പത്രിക അപൂർണ്ണം

ഒരാൾക്ക് ഒരു അർദ്ധവർഷം കേരള പഞ്ചായത്ത് രാജ് തൊഴിൽ നികുതി ചട്ടങ്ങൾ ചട്ടം 16 ഉപചട്ടം 1 പ്രകാരം വീട്ടുവാടകബത്ത ഒഴികെയുള്ള എല്ലാ മാർഗ്ഗങ്ങളിലും കൂടെയുള്ള ആകെ വരുമാനത്തിൻെറ മേലെയാണ് തൊഴിൽനികുതി നിർണ്ണയിക്കേണ്ടത്. ഇപ്രകാരം ഫാറം 1-ൽ റിട്ടേൺ സമർപ്പിക്കേണ്ടതാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ ഓഫീസ് മേധാവികൾ സമർപ്പിക്കുന്ന വരുമാനപത്രിക അപൂർണമാണ്. പല പത്രികകളിലും അടിസ്ഥാന ശമ്പളം മാത്രമാണ് ഉൾപ്പെട്ടിട്ടുള്ളത്. ബോണസ്/ഉത്സവബത്ത ചില പത്രികകളിൽ മാത്രം കാണുന്നു. ജീവനക്കാർക്ക് ലീവ് സറണ്ടർ ഇനത്തിൽ ലഭിക്കുന്ന വരുമാനം പത്രികകളിൽ ഉൾപ്പെട്ടിട്ടില്ല. ആയതിനാൽ തൊഴിൽനികുതി ഇനത്തിലുള്ള വരുമാനത്തിൽ കുറവുണ്ടായിട്ടുണ്ട്. വരുമാനപത്രികയിൽ പൂർണ്ണമായ രേഖപ്പെടുത്തലുകൾ വരുത്തുന്നതിന് പഞ്ചായത്ത് അധികൃതർ ശ്രദ്ധിക്കേണ്ടതാണ്.

(c) രേഖകൾ ഹാജരാക്കാത്തവരെയും നികുതി അടവിൽ നിന്നും ഒഴിവാക്കി

ജി.ഒ (ആർ.ടി) 1366/90/ത.സ്വ.ഭ.വ തീയതി 27.03.1990 പ്രകാരം സർക്കാർ ആശുപത്രിയിലെ ബന്ധപ്പെട്ട സ്പെഷ്യാലിറ്റി വിഭാഗം തലവനിൽ നിന്നും40% മോ അതിൽ കൂടുതലോ അംഗവൈകല്യമോ ഉള്ളതായി സാക്ഷ്യപത്രം ഹാജരാക്കുന്നവരെ തൊഴിൽനികുതി അടവാക്കുന്നതിൽ നിന്നും ഒഴിവാക്കാവുന്നതാണ്. എന്നാൽ കാട്ടാക്കട ഗ്രാമപഞ്ചായത്തിൽ പ്രസ്തുത സാക്ഷ്യപത്രം ഹാജരാക്കാത്ത അംഗവൈകല്യം ഉള്ള ജീവനക്കാരെ തൊഴിൽനികുതിയിൽ നിന്നും ഒഴിവാക്കി ഉദാ.

1. രാജശേഖരൻ നായർ, ഗവ.ആയുർവേദഡിസ്പെൻസറി

2. വിജയകുമാരി.ബി, താലൂക്ക് സപ്ലൈഓഫീസ്

(d) തൊഴിൽ നികുതി ഈടാക്കിയില്ല

2017-18 സാമ്പത്തിക വർഷം തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടുള്ള ചുവടെ ചേർക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും രണ്ടാം അർദ്ധവർഷത്തെ തൊഴിൽനികുതി ഈടാക്കിയില്ല.

(എ) കൊമേഴ്സ്യൽ ടാക്സ് ചെക്ക്പ്പോസ്റ്റ്-മണ്ഡപത്തിൻകടവ്

(ബി) ക്രൈസ്റ്റ്നഗർ സെൻട്രൽ സ്കൂൾ കുച്ചപ്പുറം

(സി) കെ.എസ്.ആർ.ടി.സി

(ഡി) ദി റബ്ബർബോർഡ്

(ഇ) മുത്തൂറ്റ് ഫിനാൻസ് ലിമിറ്റഡ്

(എഫ്) ബജാജ് അലയൻസ് ലൈഫ് ഇൻഷുറൻസ് കമ്പനി

(ജി) വെറൈറ്റി മാർബിൾസ്

(e) സ്ഥാപനതൊഴിൽ നികുതി ഈടാക്കിയിട്ടില്ല

2016-17 സാമ്പത്തിക വർഷത്തെ ഡിമാന്റ് രജിസ്റ്ററിൽ നികുതി ഉൾപ്പെടുത്തി നികുതി ഈടാക്കിയ താഴെപ്പറയുന്ന സ്ഥാപനങ്ങളിൽ നിന്നും 2017-18 സാമ്പത്തിക വർഷം സ്ഥാപനതൊഴിൽനികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം. | സ്ഥാപനം | ഒന്നാം അർദ്ധവർഷം | രണ്ടാം അർദ്ധവർഷം |
|---|---|---|---|
| 1 | കെ.എസ്.എഫ്.ഇ കാട്ടാക്കട | 1250 | 1250 |
| 2 | എൽ.ഐ.സി | 1250 | |
| 3 | എസ്.ബി.ടി | 1250 | |
| 4 | ഫെഡറൽ ബാങ്ക് | 1250 | |
| 5 | ഐ.സി.ഐ.സി.ഐ | 1250 | |
| 6 | ബാങ്ക്ഓഫ് ഇന്ത്യ | 1250 | |
| 7 | ഇന്ത്യൻ ബാങ്ക് | | 1250 |
| 8 | തിരുവനന്തപുരം ഡി.സി.ബി.മെയിൻ ബ്രാഞ്ച | 1250 | |
| 9 | തിരുവനന്തപുരം ഡി.സി.ബി. എംആൻറ് ഇ | 1250 | 1250 |
| 10 | കട്ടയ്ക്കോട് എസ്.സി.ബി | 1250 | |
| 11 | മുത്തൂറ്റ് ഫിനാൻസ് ലിമിറ്റഡ് | | 1250 |
| 12 | മുത്തൂറ്റ് ഫിൻകോർപ്പ് ലിമിറ്റഡ് | 1250 | |
| 13 | മധുരമൈക്രോഫിനാൻസ് ലിമിറ്റഡ് | 1250 | 1250 |

| | | | |
|---|---|---|---|
| 14 | മണപ്പുറം ഫിനാൻസ് | 1250 | 1250 |
| 15 | ബജാജ് അലയൻസ് ലൈഫ് ഇനഷ്വറൻസ് | 1250 | 1250 |
| 16 | ഏഷ്യാനെറ്റ് സാറ്റലൈറ്റ് കമ്മ്യൂണിക്കേഷൻസ് | | 1250 |
| 17 | പോപ്പുലർ മോട്ടോർ വേൾഡ് | 1250 | 1250 |
| 18 | കോഹിനൂർ ഗ്രാനൈറ്റ്& മാർബിൾസ് | 1250 | 1250 |
| 19 | സനൂജ മാർബിൾസ്& ഗ്രാനൈറ്റ്സ് | 1250 | 1250 |
| 20 | കൈരളിഎക്സ്പോർട്ട്സ് | 1250 | 1250 |
| 21 | അമ്മാൾ ഏജൻസി | 1250 | 1250 |
| 22 | വെറൈറ്റി മാർബിൾസ് | 1250 | 1250 |
| 23 | ഹോട്ടൽ അഭിരാമി | 1250 | 1250 |
| 24 | ആന്ധ്രാബാങ്ക് | 1250 | 1250 |
| 25 | ദ് ന്യൂഇന്ത്യ അഷ്വറൻസ് കമ്പനി | | 1250 |
| 26 | ഇൻഡസ് ഇൻഡ് | | 1250 |
| 27 | മുത്തൂറ്റ് മെർക്കൻറയിൽ ലിമിറ്റഡ് | 1250 | 1250 |
| 28 | മുരള്യ ഡയറി പ്രോഡക്ടസ് | | 1250 |
| 29 | മാക്സ് വാല്യൂ | 1250 | 1250 |
| ആകെ | | 28750 | 26250 |

തൊഴിൽ നികുതിയിനത്തിൽ ഈടാക്കാൻ ബാക്കിയുള്ള 55000/- രൂപ (28750+26250) ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-5 ഡിആൻറ് ഒ ലൈസൻസ്

2016-17 സാമ്പത്തിക വർഷം പഞ്ചായത്തിൽ 453 സ്ഥാപനങ്ങൾക്ക് ഡി ആന്റ് ഒ ലൈസൻസ് നൽകിയിരുന്നു. എന്നാൽ 2017-18- ൽ അത് 465-യി ഉയർന്നു. 2016-17 -ലെ ആദ്യത്തെ 150

വ്യാപാരസ്ഥാപനങ്ങളുടെ ലിസ്റ്റ് പരിശോധിച്ചതിൽ 78 സ്ഥാപനങ്ങൾക്ക് മാത്രമാണ് 2017-18- ൽ ലൈസസൻസ് പുതുക്കി നൽകിയിട്ടുള്ളത്.പകുതിയോളം സ്ഥാപനങ്ങൾ ലൈസൻസ് പുതുക്കിയിട്ടില്ല. ലൈസൻസിന് അപേക്ഷ സമർപ്പിക്കുന്നവരെ മാത്രം ഉൾപ്പെടുത്തിയ ട്രേഡേഴ്സ് ലിസ്റ്റാണ് നിലവിലുള്ളത്.മുഴുവൻ വ്യാപാരസ്ഥാപനങ്ങളെ ഉൾപ്പെടുത്തി ലിസ്റ്റ് കാലികമായി സൂക്ഷിക്കാത്തതിനാൽ ലൈസൻസ് ഇനത്തിൽ പഞ്ചായത്തിന് വലിയ സാമ്പത്തിക നഷ്ടം ഉണ്ടായിട്ടുണ്ട്.ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.39-ന് ലഭിച്ച മറുപടി തൃപ്തികരമല്ല.

ട്രേഡേഴ്സ് ലിസ്റ്റ് കാലികമായി സൂക്ഷിക്കേണ്ടതും വരുമാനചോർച്ച ഒഴിവാക്കേണ്ടതുമാണ്. ലൈസൻസ് പുതുക്കാൻ വൈകുന്നവരിൽ നിന്നും ഈടാക്കുന്ന പിഴ തുക കുറയ്ക്കാൻ സർക്കാർ തീരുമാനിച്ചിട്ടുള്ളതിനാൽ ഇത് സംബന്ധിച്ച ചട്ടം പ്രസിദ്ധീകരിച്ചതിന് ശേഷം പിഴ തുക ഈടാക്കേണ്ടതാണ്. താമസിച്ച് സമർപ്പിക്കുന്ന അപേക്ഷകളിൻമേൽ 25% അധികഫീസ് ചുമത്തുവാനും ശ്രദ്ധിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ഗ്രാമപഞ്ചായത്ത് ഓഫീസിലെ സെർവർ റൂം നവീകരണം - അപാകതകൾ

പ്രോജക്ട് നം. : 266/18

അടങ്കൽ : 150000 (തനത് ഫണ്ട്)

ചെലവ് : 148800/- (ചെക്ക് നം.1636726 തീയതി , 23.03.2018, 145824

നിർവ്വഹണ ഉദ്യോഗസ്ഥൻ : സെക്രട്ടറി

"ഗ്രാമപഞ്ചായത്ത് ഓഫീസിലെ സെർവർ റൂം നവീകരണം" എന്ന പ്രോജക്ടിൽ സെർവർ റൂം അലുമിനിയം ഫാബ്രിക്കേഷൻ ചെയ്ത് ശീതീകരിച്ച് അനുബന്ധ ഉപകരണങ്ങൾ വാങ്ങി സ്ഥാപിക്കാനാണ് വിഭാവനം ചെയ്തിട്ടുള്ളത്. പഞ്ചായത്തിൽ നിലവിലുള്ള മുറിയുടെ 3x2 ഭാഗം വിസ്തൃതിയുള്ള ഭാഗം വേർതിരിച്ച് ഗ്ലാസ് ഡോർ സ്ഥാപിച്ച് തറ ടൈൽ പാകി ഐ.എസ്.ഒ സ്റ്റാന്റേർഡോടു കൂടിയ എ.സി സ്ഥാപിച്ച് സെർവർ കമ്പ്യൂട്ടർ, ബാറ്ററി െന്നിവ സ്ഥാപിക്കുന്നതിനുള്ള പ്രൊവിഷൻ ഒരുക്കുക (അവലംബം ടെണ്ടർ നോട്ടീസ് നം. A2.800/17...30.11.2017 സ്പെസിഫിക്കേഷൻ) തുടങ്ങിയ മരാമത്ത്, ഇലക്ട്രിഫിക്കേഷൻ പ്രവർത്തികൾ ഉൾപ്പെട്ടിരിക്കുന്ന മേൽ പ്രോജക്ടിന്റെ, പ്രോജക്ട് രൂപീകരണ ഫോറത്തിൽ നിർവ്വഹണ ഉദ്യോഗസ്ഥന്റെ പേർ സെക്രട്ടറി എന്നും പ്രവർത്തനത്തിന്റെ ചുമതല എ.ഇ (എൽ.എസ്.ജി.ഡി) എന്നുമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ പ്രവർത്തന ചുമതല അസിസ്റ്റന്റ് എഞ്ചിനീയറെ ഏൽപ്പിക്കുകയോ, എ.ഇ തയ്യാറാക്കിയ എസ്റ്റിമേറ്റ്, എസ്റ്റിമേറ്റിന് ഭരണാനുമതി, സാങ്കേതികാനുമതി എന്നിവ ലഭ്യമാക്കുകയോ ചെയ്തിട്ടില്ല. സെക്രട്ടറി നേരിട്ട് ടെണ്ടർ ക്ഷണിക്കുകയും ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 10.01.2018-ലെ 5(2)-ാം നമ്പർ തീരുമാന പ്രകാരം എസ്റ്റിമേറ്റ് റേറ്റ് ക്വാട്ട് ചെയ്ത കരാറുകാരനെ (സാബുകുമാർ എൻ.എസ്) തെരഞ്ഞെടുത്ത്, ഓവർസീയറുടെ വാല്വേഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തുക അനുവദിക്കുകയുമാണ് ചെയ്തിരിക്കുന്നത്. ടൈൽ ഫ്ലോറിംഗ്, അലുമിനീയം പാർട്ടിഷൻ, Window fixing , പെയിന്റിംഗ് എന്നീ പ്രവർത്തനങ്ങൾ ചെയ്തിട്ടുള്ള (അവലംബം- ഓവർസീയറുടെ വാല്വേഷൻ റിപ്പോർട്ട്) മേൽ പ്രോജക്ടിന്റെ എം.ബുക്ക്, ചെലവ് രേഖകൾ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. പ്രവൃത്തിയുടെ ഓഡിറ്റിംഗും ഫലപ്രദമായി നടത്തി റിപ്പോർട്ട് നൽകിയിട്ടില്ല.

പ്രവർത്തന ചുമതലയുണ്ടായിരുന്ന അസിസ്റ്റന്റ് എഞ്ചിനീയർ (അവലംബം പ്രോജക്ട് രൂപീകരണ ഫോറം)

എസ്റ്റിമേറ്റ് തയ്യാറാക്കി സാങ്കേതികാനുമതി തേടി നടപ്പിലാക്കേണ്ടിയിരുന്ന മേൽ പ്രോജക്റ്റ് നടപടി ക്രമങ്ങൾ പാലിക്കാതെ ഇപ്രകാരം നിർവ്വഹണം നടത്തിയത് ശരിയായ നടപടിയല്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.27) അസിസ്റ്റന്റ് എഞ്ചിനീയർ നൽകിയ എസ്റ്റിമേറ്റ് ഉൾപ്പെടെയുള്ള പ്രവർത്തിയ്ക്ക് 150000/- രൂപയാണ് എസ്റ്റിമേറ്റ് ഉണ്ടായിരുന്നതെന്നും ടി പദ്ധതിയ്ക്ക് ജില്ലാ ആസൂത്രണ സമിതിയുടെയും വെറ്റിംഗ് ഓഫീസറുടെയും അംഗീകാരം ലഭിച്ചിട്ടുള്ളതുമാണ് എന്നാണ് വിശദീകരണം നൽകിയിട്ടുള്ളത്. അപാകതകൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും ഭരണസമിതിയുടെയും ശ്രദ്ധയിൽപ്പെടുത്തുന്നു.

## 3-2 എൻ.ആർ.ഇ.ജി.എസ് ജീവനക്കാരുടെ തൊഴിൽ നികുതിയിനത്തിലെ തുക തനത് ഫണ്ടിലേയക്ക് റീക്ലപ്പ് ചെയ്തിട്ടില്ല.- തനത് ഫണ്ടിന് നഷ്ടം- 7500/- രൂപ

എൻ.ആർ.ഇ.ജി.എസ് ജീവനക്കാരുടെ 1-ാംഅർദ്ധവർഷത്തെ തൊഴിൽ നികുതിയിനത്തിലെ തുകയായ7,500/-രൂപ (തൊഴിൽ നികുതി രജിസ്റ്റർ പ്രകാരം) Advance to others എന്ന ഹെഡിൽ ഡെബിറ്റ് ചെയ്തിട്ടില്ല. പകരം Salaries Contract Staff എന്ന Ledger (ഹെഡ് കോഡ്-210100106 )ലാണ് ഡെബിറ്റ് ചെയ്തിരിക്കുന്നത്. മേൽതുക തൊഴിൽ നികുതിയിനത്തിൽ വരവായി കാണിച്ചിട്ടുണ്ടെങ്കിലും , Advance to Others എന്ന ലെഡ്ജറിൽ ഉൾപ്പെട്ടിട്ടില്ലാത്തതിനാൽ പഞ്ചായത്തിന് 7500/- രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട്. ഇത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. നഷ്ടതുക എൻ.ആർ.ഇ.ജി.എസ് അക്കൗണ്ടിൽ നിന്നും തനത് ഫണ്ടിലേയ്ക്ക് റീക്ലപ്പ് ചെയ്യുന്നതിന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി തീരുമാനം ലഭ്യമാക്കി നടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

മേൽ വിഷയം സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (നം 34/21.11.18) എൻ.ആർ.ഇ.ജി.എസ് അക്കൗണ്ടിൽ നിന്നും തുക തനത് ഫണ്ടിലേയ്ക്ക് റീക്ലപ്പ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

## 3-3 തെരുവുവിളക്കുകൾക്ക് വാർഷിക മെയിന്റൻസ്- കരാർ തുകയിൽ അധികരിച്ച് കരാറുകാരന് തുക അനുവദിച്ചു.- 3,99,925/- രൂപ തടസ്സപ്പെടുത്തുന്നു

പ്രോജക്റ്റ് നം. - 138/18( തെരുവുവിളക്കുകൾക്ക് വാർഷിക മെയിന്റൻസ്)

അടങ്കൽ - 4 ലക്ഷം (തനത് ഫണ്ട്)

ചെലവ് - 399925 (വൗച്ചർ നം2170390 തിയതി 26.02.18 Rs. 2,00,000/-

വൗച്ചർ നം.21701633, തിയതി 27.03.18 Rs. 1,99,925/-)

പഞ്ചായത്തിലെ തെരുവ് വിളക്കുകളുടെ വാർഷിക മെയിന്റൻസിനായി നടപ്പിലാക്കിയതാണ് ഈ പദ്ധതി.

പ്രോജക്റ്റ് നിർവഹണത്തിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

(എ) സ്റ്റോർ പർച്ചേസ് മാന്വൽ 2013 ഖണ്ഡിക 6.1 ലെ വ്യവസ്ഥകൾ പ്രകാരമുള്ള ആവശ്യകതാ നിർണ്ണയം നടത്താതെയാണ് പ്രോജക്റ്റ് രൂപീകരിച്ച് സാധനങ്ങൾ വാങ്ങിയിരിക്കുന്നത്. പഞ്ചായത്തിലെ എല്ലാ വാർഡുകളിലേയും തെരുവ് വിളക്ക് എണ്ണം, അവയിൽ പ്രവർത്തനരഹിതമായത്, മെയിന്റനൻസ് ആവശ്യമായത് എന്നിങ്ങനെയുള്ള അവശ്യ വിവരങ്ങൾ കെ.എസ്.ഇ.ബി അധികൃതരുമായി സംയുക്തപരിശോധന നടത്തി തിട്ടപ്പെടുത്തി വേണം ആവശ്യകതാ നിർണയം നടത്തേണ്ടിയിരുന്നത്.

(ബി) പ്രോജക്റ്റിന് 4 ലക്ഷം രൂപയാണ് അടങ്കൽ തുകയായി നിശ്ചയിച്ചിരിക്കുന്നത്. എന്നാൽ 03.08.17 ലെ എ2-800/17 നമ്പർ ടെണ്ടർ പരസ്യത്തിൽ എസ്റ്റിമേറ്റ് തുക 2 ലക്ഷം എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്.

2 ലക്ഷം രൂപയ്ക്ക് ടെണ്ടർ ക്ഷണിച്ചതിൽ ഏറ്റവും കുറഞ്ഞ റേറ്റ് ക്വാട്ട് ചെയ്ത ശ്രീ.റെൻസിംഗ് ലാലു എന്ന കരാറുകാരന്റെ ടെണ്ടർ 29.08.17 ലെ(2) കമ്മിറ്റി തീരുമാന പ്രകാരം അംഗീകരിക്കുകയും 13.09.2017 ൽ

സെലക്ഷൻ നോട്ടീസ് നൽകുകയും ചെയ്തു. തുടർന്ന് പഞ്ചായത്തും കരാറുകാരനുമായി 09.10.17ൽ വച്ച കരാർ പ്രകാരം പഞ്ചായത്തിന്റെ സ്ട്രീറ്റ് ലൈറ്റ് രജിസ്റ്റർ പ്രകാരമുള്ള എല്ലാ ലൈറ്റുകളും റിപ്പയർ ചെയ്ത് പ്രവർത്തനക്ഷമമാക്കുന്നതിന് 2 ലക്ഷം രൂപയാണ് കരാർ തുകയായി രേഖപ്പെടുത്തിയിരിക്കുന്നത്.

ഈ അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം 14/14.11.18 ) കൂടുതൽ തെരുവുവിളക്കുകൾക്ക് മെയിന്റൻസ് ആവശ്യമാകയാൽ 10.01.18 ലെ 5(4)-ാം നമ്പർ കമ്മിറ്റി തീരുമാന പ്രകാരം തുക 4 ലക്ഷമാക്കി ഭേദഗതി ചെയ്യുകയും ആയതിന് ഡി.പി.സി അംഗീകാരം നേടുകയുമാണ് ചെയ്തതെന്നും അംഗീകാരം ലഭ്യമാകുന്നതിന് മുൻപാണ് ടെണ്ടർ പരസ്യം നൽകിയതെന്നുമാണ് മറുപടി നൽകിയത്.

എന്നാൽ തുക 4 ലക്ഷമായി ഉയർത്തിയശേഷം കരാറിൽ ഭേദഗതികൾ വരുത്തുകയോ റീ ടെണ്ടർ ചെയ്യുകയോ ചെയ്തിട്ടില്ല. കരാർതുക 2 ലക്ഷമായി നിലനിർത്തിക്കൊണ്ടു തന്നെ വാർഡ് മെമ്പർമാരുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ 3,99,925 /- രൂപ ശ്രീ. റെൻസിംഗ് ലാലുവിന് നൽകുകയാണ് ചെയ്തിരിക്കുന്നത്.

കരാർ വ്യവസ്ഥകൾ, കമ്മിറ്റി തീരുമാനം എന്നിവയ്ക്ക് വിരുദ്ധമായി അധികമായി 1,99,925/- രൂപ കരാറുകാരന് നൽകിയിരിക്കുന്നു. ആയതിന് പഞ്ചായത്ത് കമ്മിറ്റി തീരുമാനം ലഭ്യമാക്കിയിട്ടില്ല. പഞ്ചായത്തിൽ സൂക്ഷിച്ചിട്ടുള്ള തെരുവുവിളക്ക് പരാതി രജിസ്റ്റർ പരിശോധിച്ച് ആയതിന്റെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ വാർഷിക മെയിന്റൻസ് നടത്താനും കരാറിൽ വ്യവസ്ഥ ചെയ്തിരുന്നു.എന്നാൽ പരാതി രജിസ്റ്റർ ലഭ്യമാക്കിയിട്ടില്ല.

സ്റ്റോർ പർച്ചേസ് മാന്വൽ 2013, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗരേഖ എന്നിവയിലെ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായാണ് മേൽ പ്രോജക്ട് നടപ്പിലാക്കിയിരിക്കുന്നത്.

നിർവ്വഹണ ഘട്ടത്തിൽ നിർവ്വഹണ ഉദ്യോഗസ്ഥനൊഴികെയുള്ള വർക്കിംഗ് ഗ്രൂപ്പ് അംഗങ്ങൾ മോണിറ്ററിംഗ് സമിതിയായി പ്രവർത്തിച്ച് പ്രവൃത്തി നിരന്തരം വിലയിരുത്തേണ്ടതും റിപ്പോർട്ട് ഭരണസമിതിക്കും നിർവ്വഹണ ഉദ്യോഗസ്ഥനും നൽകേണ്ടതാണ്. സ്റ്റാറ്റസ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വർക്കിംഗ് ഗ്രൂപ്പ് കൃത്യമായി ആവശ്യകത നിർണ്ണയിക്കാത്തതും പദ്ധതി ശരിയായി മോണിറ്ററിംഗ് നടത്താത്തതുമാണ് അപാകതകൾക്ക് കാരണം.

മേൽ കാര്യങ്ങൾക്ക് ആവശ്യമായ നിർദ്ദേശങ്ങളും മേൽനോട്ടവും നൽകി അപാകതകൾ ആവർത്തിക്കുന്നില്ല എന്ന് വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പാക്കേണ്ടതാണ്.

## 3-4 സംയുക്തപ്രോജക്ടുകൾ-ചെലവഴിക്കാത്ത ബ്ലോക്ക് വിഹിതം തിരികെ ഒടുക്കിയില്ല.

2017-18 സാമ്പത്തിക വർഷം പഞ്ചായത്തിന് വിവിധ പ്രോജക്ടുകളിലായുള്ള ബ്ലോക്ക് /ജില്ലാ പഞ്ചായത്ത് ആകെ വിഹിതം സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു (എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ്, പഞ്ചായത്ത് ലഭ്യമാക്കിയ കണക്ക്എന്നിവ പ്രകാരം)

| | വകയിരുത്തിയത് | ലഭിച്ചത് | ചെലവഴിച്ചത് | ബാക്കി |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 1270825 | 1270825 | 1222352 | 48473 |
| ക്യാപ്പിറ്റൽ (R) | - | +900000 | - | -900000 |
| ജില്ലാ പഞ്ചായത്ത് | 670400 | 670400 | 661560 | 8840 |

ഒന്നിലധികം തദ്ദേശഭരണ സ്ഥാപനങ്ങൾ പദ്ധതി വിഹിതം വകയിരുത്തി പ്രോജക്ടുകൾ നിർവഹണം നടത്തുമ്പോൾ സ്വീകരിക്കേണ്ട നടപടികൾ വ്യക്തമാക്കി, സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട് (G.O(ms).No.72/17/lsgd dtd.29.03.2017 para.6.5, G.O(P).07/2017/fin dtd.23.01.2017) പ്രസ്തുത ഉത്തരവുകൾ പ്രകാരമുള്ള നടപടി ക്രമങ്ങളും ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടികളും ചുവടെ ചേർക്കുന്നു.

| സർക്കാർ നിർദ്ദേശം | ഗ്രാമ പഞ്ചായത്തിന്റെ നടപടികൾ |
|---|---|
| 1.സംയുക്ത പ്രോജക്ടിൽ പങ്കാളികളാകുന്ന തദ്ദേശ ഭരണ സ്ഥാപനങ്ങൾ പ്രസ്തുത പ്രോജക്ടുകളുടെ വിഭവ സ്രോതസുകൾ സംബന്ധിച്ച പത്രികകൾ തയ്യാറാക്കേണ്ടതാണ് | നടപടി ക്രമം പാലിച്ചതിന് രേഖകളില്ല |
| 2.കരട് പദ്ധതി രേഖ തയ്യാറാക്കുന്നതിന് മുൻപ് സംയുക്ത പ്രോജക്ടുകളെക്കുറിച്ച് ചർച്ച ചെയ്യാൻ ജില്ലാതല യോഗം ചേരേണ്ടതാണ് | ജില്ലാതല യോഗം ചേർന്നിട്ടില്ല. |
| 3.സംയുക്ത പ്രോജക്ടിൽ പങ്കാളികളാകുന്ന തദ്ദേശ ഭരണ സ്ഥാപനങ്ങൾ തമ്മിൽ കരാർ ചമയ്ക്കേണ്ടതാണ്. | നടപടി ക്രമം പാലിച്ചിട്ടില്ല |
| 4.സംയുക്ത പ്രോജക്ടിലെ മുഖ്യ പങ്കാളി വിശദമായ പ്രോജക്ട് തയ്യാറാക്കണം മറ്റ് പങ്കാളികൾ വിഭവം കൈമാറുന്നതിന് സഹായകമായ പ്രോജക്ട് തയ്യാറാക്കണം | നടപടി ക്രമം പാലിച്ചിട്ടുണ്ട് |
| 5.ഗ്രാമ, ബ്ലോക്ക്,ജില്ലാ പഞ്ചായത്തുകൾ വിഭവ വിതരണം നടത്തുന്നതും സ്വീകരിക്കുന്നതുമായ പ്രോജക്ടുകളുടെ പട്ടിക തയ്യാറാക്കി പരസ്പരം കൈമാറ്റം ചെയ്യണം | രേഖകൾ ലഭ്യമാക്കിയിട്ടില്ല |
| 6. മുഖ്യപങ്കാളിയായ തദ്ദേശ ഭരണ സ്ഥാപനത്തിന് പ്രോജക്ട് നിർവഹണം തൻവർഷം നടത്താൻ കഴിയാത്ത പക്ഷം ഫണ്ട് തിരികെ നൽകി അടുത്ത സാമ്പത്തിക വർഷത്തെ സ്പിൽ ഓവർ ഗണത്തിൽ ഉൾപ്പെടുത്താൻ അപേക്ഷിക്കേണ്ടതാണ്. | നിർവഹണം പൂർത്തീകരിച്ചിട്ടുണ്ട്.<br>ബാലൻസ് ഫണ്ട് സ്പിൽ ഓവർ ഗണത്തിൽ ഉൾപ്പെടുത്തിയിട്ടില്ല. |
| 7.സംയുക്ത പ്രോജക്ടുകളിൽ ജോയിന്റ് വെഞ്ചർ അക്കൗണ്ട് സൂക്ഷിക്കണം | ജോയിന്റ് വെഞ്ചർ അക്കൗണ്ട് ആരംഭിച്ചിട്ടില്ല.<br>സ്പെഷ്യൽ ടി.എസ്.ബി അക്കൗണ്ടിൽ സൂക്ഷിക്കുന്നു. |
| 8.സംയുക്ത പ്രോജക്ടുകളുടെ ഫണ്ട് സെപ്റ്റംബർ 30 നകം നിർവഹണം നടത്തുന്ന തദ്ദേശ ഭരണ സ്ഥാപനത്തിന്റെ ജോയിന്റ് വെഞ്ചർ അക്കൗണ്ടിൽ ട്രാൻസ്ഫർ ചെയ്ത് നൽകണം | സമയക്രമം പാലിച്ചിട്ടില്ല. |
| 9.നിർവഹണം ഏറ്റെടുക്കുന്ന തദ്ദേശഭരണ സ്ഥാപനം ജോയിന്റ് വെഞ്ചർ അക്കൗണ്ട് മാർച്ച് 31ന് മുൻപ് റീകൺസിലിയേഷൻ നടത്തി ചെലവഴിക്കാത്ത/ചെലവഴിക്കാൻ കഴിയാത്ത തുക അതത് തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് കൈമാറണം | മാനസികവെല്ലുവിളിനേരിടുന്നവക്കുള്ള സ്കോളർഷിപ്പ്(S097/18)<br>എന്ന പ്രോജക്ടിനായി ബ്ലോക്ക് വിഹിതമായി ലഭിച്ച രൂപയിൽ 178992രൂപ<br>ചെലവഴിച്ച് ബാക്കി വന്ന39633/- രൂപ ബ്ലോക്ക് പഞ്ചായത്തിലേക്ക് കൈമാറിയിട്ടില്ല.<br>ജൈവസമൃദ്ധി പ്രോജക്ടിനായി ലഭിച്ച ബ്ളോക്ക് , ജില്ലാവിഹിതത്തിൽ നിന്നും (s0133/18) യഥാക്രമം 11560 വീതം ചെലവഴിച്ച് അവശേഷിക്കുന്ന 8840/- |

| | |
|---|---|
| | രൂപാവീതം ജില്ലാബ്ലോക്ക് പഞ്ചായത്തിലേക്ക് കൈമാറിയിട്ടില്ല. |

## 3-5 ഗുണഭോക്തൃ തെരഞ്ഞെടുപ്പ്- യഥാർത്ഥ ഗുണഭോക്താക്കൾക്ക് പ്രോജക്റ്റ് ആനുകൂല്യം ലഭ്യമാകുന്നില്ല.

സർക്കാർ നിർദ്ദേശം പൂർണമായും പാലിക്കാതെ ഗുണഭോക്തൃലിസ്റ്റ് തയ്യാറാക്കിയതിനാൽ അർഹരായ മുഴുവൻ ഗുണഭോക്താക്കൾക്കും പദ്ധതി ആനുകൂല്യം ലഭിച്ചോ എന്ന് ഉറപ്പാക്കാൻ പഞ്ചായത്തിനായിട്ടില്ല.ഗ്രാമ പഞ്ചായത്ത് നടപ്പിലാക്കുന്ന പദ്ധതിയുടെ ഭാഗമായി വ്യക്തികൾക്കോ, ഗ്രൂപ്പ് സംരംഭങ്ങളിലെ വ്യക്തികൾ ഉൾപ്പെടെയുള്ള കുടുംബങ്ങൾക്കോ ആനുകൂല്യം നൽകുന്നതിന് വേണ്ടിയുള്ള പ്രോജക്റ്റുകളുടെ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിന് 2017-18 സാമ്പത്തിക വർഷം സർക്കാർ പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശവും (സ.ഉ(എം.എസ്.80/2017/ത.സ്വ.ഭ.വ തീ.3.4.2017) ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടിക്രമവും ചുവടെചേർക്കുന്നു.

| ക്രമ നം. | സർക്കാർ മാർഗനിർദ്ദേശം | ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടിക്രമം |
|---|---|---|
| 1 | വ്യാപകമായ പ്രചാരണംനൽകി ആവശ്യമുള്ള മുഴുവൻപേർക്കും അപേക്ഷ നൽകാനുള്ള അവസാന തീയതിയും, സമയവും നിശ്ചയിക്കൽ | നിർദ്ദേശം പാലിച്ചിട്ടുണ്ട്. |
| 2 | അപേക്ഷ സ്വീകരിച്ച ശേഷം അർഹതാമാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ അനർഹരെ ഒഴിവാക്കി അർഹരുടെ കരട് ലിസ്റ്റ് വർക്കിംഗ് ഗ്രൂപ്പ് തയ്യാറാക്കണം | അപ്രകാരമുള്ള രേഖകൾ ലഭ്യമല്ല. |
| 3 | അർഹരായവരിൽ നിന്നും മുൻഗണനാ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ മാർക്ക് നല്കി അർഹരായ മുഴുവൻപേരെയുംഉൾപ്പെടുത്തി കരട് മുൻഗണനാലിസ്റ്റ് തയ്യാറാക്കണം | മാർക്ക് രേഖപ്പെടുത്തി കരട് മുൻഗണനാലിസ്റ്റ് തയ്യാറാക്കി യിട്ടില്ല. (അപേക്ഷ പരിശോ ധനയ്ക്ക് ലഭ്യമല്ല.) |
| 4 | ഫീൽഡ് ലെവൽ പരിശോധന നടത്തി രണ്ട് ഉദ്യോഗസ്ഥർ സാക്ഷ്യപ്പെടുത്തണം. | ഫീൽഡ് ലെവൽ പരിശോധന നടത്തിയിട്ടില്ല |
| 5 | പരിശോധനയുടേയും സാക്ഷ്യപ്പെടുത്തലിന്റെയും അടിസ്ഥാനത്തിൽ കരട് മുൻഗണനാലിസ്റ്റ് പുതുക്കി തയ്യാറാക്കണം | നടപടിക്രമം പാലിക്കാതെലിസ്റ്റ് തയ്യാറാക്കി |
| 6 | കരട് മുൻഗണനാലിസ്റ്റ് അപേക്ഷകൾസഹിതം ഗ്രാമസഭയിൽ അവതരിപ്പിച്ച് അന്തിമ ലിസ്റ്റ് തയ്യാറാക്കി മിനിട്സ് രേഖപ്പെടുത്തണം | കരട് മുൻഗണനാലിസ്റ്റ് ഗ്രാമസഭയിൽ അവതരിപ്പിച്ചിട്ടുണ്ട് |
| 7 | ഗ്രാമസഭ മിനിട്സിൽ രേഖപ്പെടുത്തിയ ലിസ്റ്റ് ഭരണസമിതി അംഗീകരിച്ചു നൽകണം | ലിസ്റ്റിന് ഭരണസമിതി അംഗീകാരം നല്കിയിട്ടുണ്ട്. (13.7.17 ലെ 11(1)തീരുമാനം |

| | | |
|---|---|---|
| 8 | ഭരണസമിതി അംഗീകരിച്ച ഗുണഭോക്തൃലിസ്റ്റ് പഞ്ചായത്ത് നോട്ടീസ്ബോർഡിലും വെബ്സൈറ്റിലും പ്രസിദ്ധപ്പെടുത്തണം | വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടില്ല.. |

മേൽ സൂചിപ്പിച്ച നടപടിക്രമങ്ങളിൽ ക്രമ നം. 2,3,4,5,6 (ഭാഗികം) കരാർ പാലിക്കാതെയാണ് ഗുണഭോക്തൃലിസ്റ്റ് തയ്യാറാക്കിയിട്ടുള്ളത്. കൂടാതെ പഞ്ചായത്തിനെ ഒറ്റയൂണിറ്റായി കണക്കാക്കി പൊതുഗുണഭോക്തൃലിസ്റ്റ് തയ്യാറാക്കുന്നതിനുപകരം വാർഡ് അടിസ്ഥാനത്തിലുള്ള ഗുണഭോകതൃലിസ്റ്റാണ് തയ്യാറാക്കിയിരിക്കുന്നത്. നിയമപരമായി നിർദ്ദേശിച്ചിട്ടുള്ള മാനദണ്ഡങ്ങൾ പൂർണമായും പാലിക്കാതെയുള്ള ഗുണഭോക്തൃ തെരഞ്ഞെടുപ്പ് യഥാർത്ഥ ഗുണഭോക്താക്കൾക്ക് ആനുകൂല്യം ലഭിക്കുന്നതിന് തടസ്സം സൃഷ്ടിച്ചിട്ടുണ്ട് (പാര നം.19). കൂടാതെ നിർവഹണത്തിൽ ഗുണഭോക്താക്കളുടെ കുറവ് മൂലം വികസനഫണ്ട് പൂർണമായി ഉപയോഗിയ്ക്കാനാകാത്ത സാഹചര്യവുമുണ്ടായിട്ടുണ്ട്.

## 3-6 മോണിറ്ററിംഗിന്റെ അഭാവത്തിൽ പദ്ധതികൾ ലക്ഷ്യം നേടുന്നുണ്ടോ എന്ന് ഉറപ്പാക്കപ്പെടുന്നില്ല.

സ.ഉ(എം.എസ്) 72/2017/തസ്വഭവ നം. ഉത്തരവിലെ ഖ 14.6 പ്രകാരം പ്രോജക്ട് മോണിട്ടറിംഗ് അതത് വർക്കിംഗ് ഗ്രൂപ്പുകൾ നിർവഹിക്കേണ്ടതും അതിനായി പദ്ധതി രൂപീകരണശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിട്ടറിംഗ് സമിതികളായി പ്രവർത്തിക്കേണ്ടതുമാണ്. എന്നാൽ തൻവർഷം പദ്ധതി ആസൂത്രണ ശേഷം പഞ്ചായത്തിലെ വർക്കിംഗ് ഗ്രൂപ്പുകൾ മോണിട്ടറിംഗ് കമ്മിറ്റികളായി പ്രവർത്തിച്ചിട്ടില്ല. യോഗം ചേർന്ന് അവലോകനറിപ്പോർട്ട് നിർവ്വഹണോദ്യോഗസ്ഥനും ഭരണസമിതിക്കും നൽകേണ്ടതാണെന്ന ചുമതല ഒരു വർക്കിംഗ് ഗ്രൂപ്പും നിർവ്വഹിച്ചിട്ടില്ല. ഇക്കാരണത്താൽ, നിർവ്വഹണം നടത്തിയ പദ്ധതികൾ പലതും ലക്ഷ്യം കൈവരിച്ചിട്ടുണ്ടോ എന്ന് നിർണ്ണയിക്കാൻ കഴിഞ്ഞിട്ടില്ല കുടുംബങ്ങൾക്ക് സ്ഥിരവരുമാനം ലഭിക്കുവാനുദ്ദേശിച്ച നടത്തിയ ചെലവ് ലക്ഷ്യപ്രാപ്തി നേടിയോ എന്നത് വ്യക്തമല്ല. ഇത്തരത്തിലുള്ള അപാകതകൾ ഉണ്ടാകാതെ ഫലപ്രദമായി മോണിട്ടറിംഗ് നടക്കുന്നുവെന്ന് ഉറപ്പുവരുത്തുവാൻ വിവിധ സ്റ്റാന്റിംഗ്കമ്മിറ്റികൾ കൂടുതൽ ജാഗ്രതയോടെ പ്രവർത്തിക്കേണ്ടതാണ്.

## 3-7 മുൻകൂർ ക്രമീകരിച്ചിട്ടില്ല.

2017-18 വർഷത്തെ വാർഷിക ധനകാര്യപത്രിക ബാലൻസ് ഷീറ്റ് ബി 18 പ്രകാരം Temporary Adavance for Official purpose എന്നയിനത്തിൽ 1500/- ( വൗച്ചർ നം 2170119 തിയതി15.02.18 ) Advance to Implementing Officers എന്നയിനത്തിലെ 40000/- ( Vocher no 21700723 Dated 19.10.17 ) രൂപയും നാളിതുവരെ ക്രമീകരിച്ചിട്ടില്ല.ജി.ഒ(പി) 419/2011 ധനം 04.10.2011 പ്രകാരം മുൻകൂറുകൾ കൈപ്പറ്റി മൂന്ന് മാസത്തിനകം ഫൈനൽ ബിൽ സമർപ്പിക്കേണ്ടതാണ്. നിശ്ചിത സമയപരിധിയ്ക്കകം ബിൽ സമർപ്പിച്ചിട്ടില്ലെങ്കിൽ മുഴുവൻ അഡ്വാൻസ് തുകയും അടിയന്തിരമായി തിരിച്ചുപിടിക്കേണ്ടതാണ്. സർക്കാർ നിർദ്ദേശങ്ങൾ പാലിച്ച് മുൻകൂറുകൾ ക്രമീകരിക്കാൻ ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി നടപടി സ്വീകരിക്കേണ്ടതാണ്.

## 3-8 കരാർ കാലാവധിയ്ക്കുള്ളിൽ പണി പൂർത്തീകരിക്കാത്തതിന് പിഴ ഈടാക്കിയിട്ടില്ല.

2017-18 വർഷം അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ മരാമത്ത് പ്രവൃത്തികളിൽ നിശ്ചിത സമയപരിധിക്കുള്ളിൽ കരാറുകാരൻ പൂർത്തീകരിച്ചിട്ടില്ല. കൂടാതെ ദീർഘീകരണത്തിന് അപേക്ഷ നൽകുകയുമുണ്ടായിട്ടില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജ. നം. | കരാറുകാരന്റെ പേര് | കരാറിൽ ഏർപ്പെട്ട് സ്ഥലം കൈമാറിയ തീയതി | പൂർത്തീകരണ കാലാവധി/ ബിൽ തുക | കരാർ പ്രകാരം പണി പൂർത്തീകരിക്കേണ്ട തീയതി/ പൂർത്തീകരിച്ച തിയതി. | ഈടാക്കാനുള്ള പിഴ |
|---|---|---|---|---|---|
| SO 33/17ചീനം വിളാകംറോഡ് മെറ്റലിംഗ്&ടാറിംഗ് | ശ്രീ.ബാബു.കെ നായർ | 18.01.2017 | 3മാസംബിൽതുക.792263/ എം.ബുക്ക് നം.142/17-18 എസ്റ്റിമേറ്റ് തുക 792300/- | 18.04.2017<br>23.6.17 | 7923/- |

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (നം.30) മറുപടി ലഭ്യമാക്കിയിട്ടില്ല. 7923/- രൂപ നിരാകരിക്കുന്നു.

## 3-9 ഗുണഭോക്തൃ സമിതി നിർവഹണം നടത്തുന്ന പദ്ധതികൾ -അപാകതകൾ.

ജി.ഒ.(എം.എസ്)10/2017 തീയതി 09.01.2017 ൽ ഒരു തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ പദ്ധതി രൂപീകരണത്തിലും നിർവഹണത്തിലും മോണിറ്ററിംഗിലും വർക്കിംഗ് ഗ്രൂപ്പുകൾ വഹിക്കേണ്ട ചുമതലകളെപ്പറ്റി വിശദീകരിക്കുന്നുണ്ട്. സർക്കുലർനം1/1559/2010/സി./ത.സ്വ.ഭ.വ/തീയതി 13.11.2014 പ്രകാരം ഗുണഭോക്തൃസമിതി നിർവഹണം നടത്തുന്ന പദ്ധതികൾക്ക് നല്കേണ്ട തുക സമിതിക്ക് യഥാർത്ഥത്തിൽ ചെലവായ തുകയോ കരാർപ്രകാരമുള്ള ബിൽ തുകയോ ഇതിൽ ഏതാണോ കുറവ് അതായിരിക്കും എന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഗുണഭോക്തൃ സമിതി നിർവഹണം നടത്തിയ ചുവടെ പറയുന്ന മരാമത്ത് പദ്ധതികൾക്ക് മേൽ നിർദ്ദേശം സാധൂകരിക്കുന്നില്ല. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| പദ്ധതിയുടെ പേര് | എം.ബുക്ക് പ്രകാരം അനുവദിച്ച തുക | സമിതി ഹാജരാക്കിയ ബില്ലുകൾ,വൗച്ചറുകൾ, മസ്റ്റർ റോൾ എന്നിവ പ്രകാരമുള്ള ചെലവ് |
|---|---|---|
| പൊട്ടൻകാവ് മെയിൻറനൻസ് (പദ്ധതി നം 227/17) | 192928/-<br>11/17-18തിയതി<br>26-7-18 | രേഖകൾ ഇല്ല. |
| എള്ളിലുവിള കോളനി തോട് പാർശ്വഭിത്തി നിർമ്മാണം (പദ്ധതി നം 125/17)195276 | 195276/<br>31/17-18 തിയതി<br>11-12-18 | രേഖകൾ ഇല്ല. |
| ഗവ.ആയുർവ്വേദ ആശുപത്രി കെട്ടിട പുനരുദ്ധാരണം (പദ്ധതി നം 163/18) | 29687/-<br>10/17-18<br>26-7-18 | രേഖകൾ ഇല്ല. |

## 3-10 വിനിയോഗസാക്ഷ്യപത്രം ലഭ്യമായിട്ടില്ല- 57,03,909/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

2017-18 സാമ്പത്തിക വർഷം സെക്രട്ടറിയുടെ നിർവ്വഹണത്തിൽ നടപ്പിലാക്കിയ പദ്ധതികൾക്ക് നാളിതുവരെ വിനിയോഗസാക്ഷ്യപത്രം ലഭ്യമായിട്ടില്ല.

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം. | പ്രോജക്റ്റിന്റെ പേര് | ചെലവ് തുക | ബിൽ നം.-തിയതി | തുക നൽകിയത് |
|---|---|---|---|---|
| 2/18 | പി.എം.എ.വൈ ഗ്രാമപഞ്ചായത്ത് വിഹിതം<br>അടങ്കൽ 300000 (പൊതുവിഭാഗം -സാധാ) | 300000 | 32/13.03.18 | സെക്രട്ടറി, വെള്ളനാട് ബ്ലോക്ക് പഞ്ചായത്ത് |
| 209/18` | തെരുവുവിളക്കുകൾക്ക് ലൈൻ എക്സ്റ്റൻഷൻ<br>അടങ്കൽ -20 ലക്ഷം(സി.എഫ്.സി) | 1974774/- | 10/11.08.17 | കെ.എസ്.ഇ.ബി |
| | | 21243/- | 14/11.09.17 | |
| | | 1996017/- | | |
| 86/18 | തെരുവുവിളക്കുകൾക്ക് ലൈൻ എക്സ്റ്റൻഷൻ<br>അടങ്കൽ -9875/-(സി.എഫ്.സി) | 9450/- | 15/11.09.17 | കെ.എസ്.ഇ.ബി |
| 217/18 | പൈപ്പ് ലൈൻ കണക്ഷൻ-ദീർഘിപ്പിക്കൽ<br>അടങ്കൽ -2712442/-(സി.എഫ്.സി) | 2046253/- | 20/28.10.17 | കേരള വാട്ടർ അതോറിറ്റി |
| | | 38747/- | 21/23.11.17 | |
| | | 399442/- | 23/11.11.17 | |
| | | 120558/- | 24/16.01.18 | |
| | | 79000/- | 28/07.02.18 | |
| | | 28442/- | 40/28.03.18 | |
| | | 2712442/- | | |
| 178/18 | അംഗൻവാടികൾക്ക് വാട്ടർ കണക്ഷൻ<br>അടങ്കൽ-626000/-(സി.എഫ്.സി) | 626000/- | 4/30.06.17` | കേരള വാട്ടർ അതോറിറ്റി |
| 250/18 | കുരുതംകോട് ഗവ. എൽ.പി സ്കൂളിന് വാട്ടർ കണക്ഷൻ<br>അടങ്കൽ- 60000/-(സി.എഫ്.സി) | 60000/- | 33/13.03.18 | കേരള വാട്ടർ അതോറിറ്റി |
| ആകെ | | 57,03,909/- | | |

ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികൾ ഈ വിഷയത്തിൽ ശ്രദ്ധിക്കേണ്ടതുണ്ട്.

## 3-11 റോഡ് കണക്കിവിറ്റി മാപ്പ് തയ്യാറാക്കിയിട്ടില്ല.

ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനവും റോഡ് കണക്കിവിറ്റി പ്ലാനും മാപ്പും നിർബന്ധമായും തയ്യാറാക്കിയിരിക്കണമെന്ന് പതിനൊന്നാം പഞ്ചവത്സര പദ്ധതി മുതൽ സർക്കാർ നിർദ്ദേശിച്ചിട്ടുള്ളതാണ്. റോഡ് നിർമ്മാണ പ്രോജക്ടിനൊപ്പം റോഡ് കണക്കിവിറ്റി മാപ്പിൽ പ്രോജക്ട് പ്രകാരം നടത്താനുദ്ദേശിക്കുന്ന പ്രവൃത്തി പ്രത്യേക നിറത്തിൽ അടയാളപ്പെടുത്തി സമർപ്പിക്കണമെന്നും പദ്ധതി മാർഗ്ഗരേഖയിൽ സർക്കാർ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ പഞ്ചായത്തിൽ നാളിതുവരെയും റോഡ് കണക്കിവിറ്റി മാപ്പ് തയ്യാറാക്കിയിട്ടില്ല. റോഡ് കണക്കിവിറ്റി മാപ്പ് തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-12 പ്രോജക്ടുകളുടെ യഥാർത്ഥ ചെലവും ചെലവുപത്രികയിലെ തുകയും പൊരുത്തപ്പെടുന്നില്ല.

സുലേഖ സ്റ്റേറ്റ്മെന്റിലെചെലവുതുകയും പ്രോജക്ടുകളുടെ യഥാർത്ഥചെലവും തമ്മിൽ പൊരുത്തപ്പെടുന്നില്ല. വിശദാംശം ചുവടെ

| പ്രോജക്ട് നം./ നിർവഹണ ഉദ്യോഗസ്ഥൻ | പ്രോജക്ടിന്റെ പേര് | യഥാർത്ഥ ചെലവ് (രൂപ) | സുലേഖ പ്രകാരം ചെലവ് | ചെക്ക് നം./തിയതി |
|---|---|---|---|---|
| S094/18 ഹെഡ്മാസ്റ്റർ | സ്കൂൾ പ്രവേശനോത്സവം | 2,00,000/- | 0 | 1845277/ 12.06.17 |
| 139/18 സെക്രട്ടറി | ടെക്നിക്കൽ അസിസ്റ്റന്റിന്റെ വേതനം | 2,40,500/- തനത് ഫണ്ട് | 0 | 210100106 Salaries Contract Staff Ledger പ്രകാരം |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം 21/16.11.18) ചെലവ് വിവരം ചെലവു പത്രികയിൽ രേഖപ്പെടുത്താൻ വിട്ടുപോയതാണെന്നും മറുപടി നൽകിയിട്ടുണ്ട്. തനത് ഫണ്ട്, ഗുണഭോക്തൃ വിഹിതം വകയിരുത്തിയ പ്രോജക്ടുകൾക്ക് വെബ് സാംഖ്യ മുഖേന വൗച്ചർ നമ്പർ/ചെക്ക് നം. എന്നിവ രേഖപ്പെടുത്തിയാൽ മാത്രമേ സുലേഖയിൽ കൃത്യമായ ചെലവ് വരികയുള്ളൂ. നടപടിക്രമങ്ങൾ പൂർണ്ണമായും പാലിച്ച് കണക്കുകളിലെ കൃത്യത ഉറപ്പുവരുത്താൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ശ്രദ്ധിക്കേണ്ടതാണ്.

## 3-13 കാർഷിക കർമ്മസേനയ്ക്ക് ട്രാക്ടർ- മാർഗ്ഗരേഖ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല

പ്രോജക്ട് നമ്പർ : 136/18 (കാർഷിക കർമ്മസേനയ്ക്ക് യന്ത്രം)

അടങ്കൽ : 585000/- (525000-വികസനഫണ്ട് ജനറൽ) 60000 ഗുണഭോക്തൃ വിഹിതം)

ചെലവ് : 5,25,000/- (ബിൽ നം.JAP 10/17-18 തീയതി.20.03.2018)
60000/- (ഗുണഭോക്തൃ വിഹിതം)

കാട്ടാക്കട കാർഷിക കർമ്മസേനയ്ക്ക് ട്രാക്ടർ വാങ്ങി നൽകുകയെന്നതാണ് പ്രോജക്ട് ലക്ഷ്യമാക്കിയത്. ഇത് പ്രകാരം 525000/- രൂപ ഗ്രാമപഞ്ചായത്ത് വിഹിതവും, 60000/- രൂപ ഗുണഭോക്തൃ വിഹതവും ഉൾപ്പെടെ ആകെ 585000/- രൂപയ്ക്ക് റെയിഡ്കോയിൽ നിന്നും ട്രാക്ടർ വാങ്ങി കാർഷിക കർമ്മസേനയ്ക്ക് കൈമാറിയിട്ടുണ്ട്.

സ.ഉ(എം.സ്) നമ്പർ 80/2017/ത.സ്വ.ഭ.വ തീയതി.03.04.2017 -ൽ പഞ്ചായത്തിൽ നിന്നും വാങ്ങി നൽകുന്ന

യന്ത്രങ്ങളുടെ ഉടമസ്ഥത കൃഷി ഓഫീസറുടെ പേരിലും കൈവശാവകാശാധികാരം സമിതിക്കുമായിരിക്കണമെന്നും വ്യവസ്ഥചെയ്തിട്ടുണ്ട്. എന്നാൽ പ്രോജക്ട് പ്രകാരം വാങ്ങിയ ട്രാക്ടർ കാർഷിക കർമ്മസേന സെക്രട്ടറിയുടെ പേരിലാണ് രജിസ്റ്റർ ചെയ്തിരിക്കുന്നത്.ഇതിന്മേൽ കൃഷി ഓഫീസർക്ക് യാതൊരു ഉടമസ്ഥാവകാശവുമില്ല. കൂടാതെ നിലവിലുള്ള യന്ത്രങ്ങൾ ഫലപ്രദമായി ഉപയോഗിക്കുന്നുവെന്നും, വലിയ യന്ത്രത്തിന് ആവശ്യകതയുണ്ടെന്നും കൃഷി ഓഫീസർ റിപ്പോർട്ട് നൽകുകയോ, യന്ത്രങ്ങൾ കൈകാര്യംചെയ്യുന്നതു സംബന്ധിച്ചും വാടക സംബന്ധിച്ചും കർമ്മസമിതിയുമായി കരാർ ചമയ്ക്കുകയോ ചെയ്തിട്ടില്ല. ട്രാക്ടറിന്റെ ലോഗ്ബുക്ക് കൃത്യമായി എഴുതിസൂക്ഷിക്കുന്നില്ല. ഇക്കാര്യങ്ങൾ ബന്ധപ്പെട്ട മോണിറ്ററിംഗ് സമിതിയും സ്റ്റാന്റിംഗ് കമ്മിറ്റിയും പരിശോധിച്ചിട്ടില്ല.

ഓഡിറ്റ് എൻക്വയറി (17/15.11.2018) നൽകിയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 3-14 പശുവളർത്തൽ/ കിടാരി വളർത്തൽ ഗുണഭോക്താക്കൾക്ക് നേരിട്ട് സബ്സിഡി തുക കൈമാറിയിരിക്കുന്നു.

സ.ഉ(എം.എസ്) നമ്പർ 80/2017 ത.സ്വ.ഭ.വ തീയതി 03.04.2017 ഖണ്ഡിക 8-2-ൽ പശുക്കളെ/കിടാരികളെ വാങ്ങുന്നതിന് പർച്ചേസ് നടപടിക്രമങ്ങൾ പാലിച്ച് പർച്ചേസ് സമിതിയായിരിക്കണം വാങ്ങൽ നടത്തേണ്ടതെന്നും, ഉരുക്കളെ ആരുടെ പക്കൽ നിന്നാണെ വാങ്ങിയത് അവരുടെ അക്കൗണ്ടിലേക്കായിരിക്കണം സബ്സിഡി തുക കൈമാറേണ്ടതെന്നും നിർദ്ദേശിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിൽ കറവപശു വിതരണം/ കിടാരി വളർത്തൽ എന്ന ലക്ഷ്യത്തോടെ ഡയറി ഫാം ഇൻസ്ട്രക്ടർ നിർവ്വഹണോദ്യോഗസ്ഥനായി മൂന്ന് പ്രോജക്ടുകൾ തൻവർഷം നടപ്പാക്കിയിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം. (പേര്) | അടങ്കൽ | ചെലവ് | ഗുണഭോക്താക്കളുടെ എണ്ണം | അനുവദിച്ച സബ്സിഡി നിരക്ക് |
|---|---|---|---|---|
| 108/18<br>(കറവപശു വിതരണം) | 650000<br>(വികസനഫണ്ട്(ജനറൽ)<br>10000(തനത് ഫണ്ട്)<br>650000(ഗു.വി) | 650000<br>(വികസനഫണ്ട്(ജനറൽ)<br>10000(തനത് ഫണ്ട്)<br>650000(ഗു.വി) | 26 | 25000/- |
| 109/18<br>(കറവപശു വിതരണം-എസ്.സി.പി) | 630000<br>(വികസനഫണ്ട്(ജനറൽ)<br>10000(തനത് ഫണ്ട്)<br>420000(ഗു.വി) | 630000<br>(വികസനഫണ്ട്(ജനറൽ)<br>10000(തനത് ഫണ്ട്)<br>420000(ഗു.വി) | 21 | 30000/- |
| 183/18<br>(കിടാരി വളർത്തൽ(ജനറൽ)) | 336000<br>(വികസനഫണ്ട്(ജനറൽ)<br>5000(തനത് ഫണ്ട്)<br>336000(ഗു.വി) | 336000<br>(വികസനഫണ്ട്(ജനറൽ)<br>5000(തനത് ഫണ്ട്)<br>336000(ഗു.വി) | 42 | 8000/- |

സബ്സിഡി മാനദണ്ഡങ്ങൾ പാലിക്കാതെയാണ് മേൽ സൂചിപ്പിച്ച മൂന്ന് പ്രോജക്ടുകളും നടപ്പാക്കിയിട്ടുള്ളത്.

ഉരുക്കളെ ഗുണഭോക്താക്കൾ നേരിട്ട് വാങ്ങിയതിന് വൗച്ചർ സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ സബ്സിഡി തുക ഗുണഭോക്താക്കളുടെ അക്കൗണ്ടിലേയ്ക്ക് നേരിട്ട് നൽകുകയാണ് ചെയ്തിട്ടുള്ളത്. പദ്ധതി നിർവ്വഹണം കൃത്യമാണോയെന്നത് സംബന്ധിച്ച് ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പ് മോണിട്ടറിംഗ് നടത്തിയിട്ടില്ല.
ഓഡിറ്റ് എൻക്വയറി (നം.35/21.11.2018) നൽകിയതിന് തുടർന്നുള്ള നിർവ്വഹണങ്ങളിൽ മാർഗ്ഗരേഖാ നിർദ്ദേശം പാലിച്ചുകൊള്ളാമെന്നുള്ള മറുപടിയാണ് നിർവ്വഹണോദ്യോഗസ്ഥൻ നൽകിയിട്ടുള്ളത്. തുടർവർഷങ്ങളിൽ സർക്കാർ നിർദ്ദേശം കർശനായി പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പിന്റെയും സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും ശ്രദ്ധ ക്ഷണിക്കുന്നു.

## 3-15 പാലിന് സബ്സിഡി - രേഖകൾ കൃത്യമായി സൂക്ഷിക്കുന്നില്ല

ഡയറി ഫാം ഇൻസ്ട്രക്ടർ നടപ്പാക്കിയ പ്രോജക്ടുകൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിലേക്കായി ഗ്രാമപഞ്ചായത്തിൽ പ്രോജക്ട് അസിസ്റ്റന്റിനെ താൽക്കാലികാടിസ്ഥാനത്തിൽ നിയമിക്കുകയും 2017-18 വർഷം ആകെ 40,000/- രൂപ ഇൻസെന്റീവ് നൽകുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഇത്തരത്തിൽ സേവനം ലഭ്യമായിരുന്നിട്ടും ഡയറി ഫാം ഇൻസ്ട്രക്ടർ നിർവ്വഹണം നടത്തിയ പ്രോജക്ട്ഫയുകൾ പലതും കൃത്യമായി പരിപാലിച്ചിട്ടില്ല. പാലിന് സബ്സിഡി നൽകുന്നതുമായി ബന്ധപ്പെട്ട് രണ്ട് പ്രോജക്ടുളാണ്(പ്രോ.നം.98/18, 104/18) തൻവർഷം നടപ്പാക്കിയിരിക്കുന്നത്. എന്നാൽ ഇതുമായി ബന്ധപ്പെട്ട വിവരങ്ങൾ കൃത്യതയോടെ എഴുതിസൂക്ഷിക്കാത്തതിനാൽ ഓരോഗുണഭോക്താവിനും ലഭിച്ച ആനുകൂല്യത്തിന്റെ വിശദാംശം പരിശോധിക്കാൻ സാധിച്ചില്ല. വരും വർഷങ്ങളിൽ കൃത്യമായ കണക്ക് സൂക്ഷിക്കാൻ നിർവ്വഹണോദ്യോഗസ്ഥൻ ശ്രദ്ധിക്കേണ്ടതാണ്. മോണിറ്ററിംഗ് കമ്മിറ്റി ഇക്കാര്യത്തിൽ ശ്രദ്ധചെലുത്തേണ്ടതാണ്.

## 3-16 ആടിനുള്ള സബ്സിഡി വിൽക്കാത്ത ആളിന് തുക നൽകി

പ്രോജക്ട് നം. : 19/18

പ്രോജക്ടിന്റെ പേര് : പെണ്ണാട് വളർത്തൽ (SCP)

അടങ്കൽ : 504000/- [ വികസന ഫണ്ട് (പൊതുവിഭാഗം)], 336000/- (ഗുണഭോക്തൃ വിഹിതം)

ചെലവ് : 468000/- (ബിൽ നം.4/17-18 തീയതി , 06.01.2018, 192000/-
8/17-18 തീയതി, 96000/-, 12/17-18 തീയതി, 29.03.2018, 180000/-)

പട്ടികജാതി ഗുണഭോക്താക്കൾക്ക് ആട് വാങ്ങുന്നതിലേയ്ക്കായി ഒരാൾക്ക് 12000/- രൂപ നിരക്കിൽ ആകെ 39 ഗുണഭോക്താക്കൾക്കാണ് ധനസഹായം നൽകിയിട്ടുള്ളത്. ഇതുമായി ബന്ധപ്പെട്ട അപേക്ഷ പരിശോധിച്ചതിൽ ശ്രീ.കെ.എസ്.സുരേഷ്കുമാർ, വാറുവിളാകത്ത് വീട് എന്ന ഗുണഭോക്താവ് ശ്രീ.അബ്ദുൾജബ്ബാർ, അമ്പലത്തുവിള എന്ന വ്യക്തിയുടെ പക്കൽ നിന്നും, ശ്രീ.രഞ്ജിത്കുമാർ, വാനറത്തല കിഴക്കേക്കര എന്ന ഗുണഭോക്താവ് ശ്രീ.ബൈജു, കൈതക്കോണം എന്ന വ്യക്തിയുടെ പക്കൽ നിന്നുമാണ് ആടുകളെ വാങ്ങിയിരിക്കുന്നത്. ഇക്കാര്യം മോണിറ്ററിംഗ് നടത്തിയിട്ടുമുണ്ട്. എന്നാൽ ബിൽ പ്രകാരം മേൽ ഗുണഭോക്താക്കൾക്ക് ആട് നൽകിയതിനുള്ള 24000/- രൂപ സബ്സിഡി ശ്രീ.സജി.റ്റി.എസ് (അക്കൗണ്ട് നം.853310110002070) എന്ന വ്യക്തിയുടെ അക്കൗണ്ടിലേക്കാണ് നൽകിയിരിക്കുന്നത്. ശ്രീ.സജി.റ്റി.എസിന് അനർഹമായി നൽകിയ 24000/- രൂപ തിരികെ ഈടാക്കേണ്ടതാണ്.

## 3-17 പട്ടികജാതിക്കാർക്കുള്ള ഗാർഹിക കുടിവെള്ള കണക്ഷൻ- -ആവശ്യമായ രേഖകൾ ഹാജരാക്കാതെ ധനസഹായം നൽകി- 6000/-രൂപ തടസ്സപ്പെടുത്തുന്നു

പ്രോജക്ട് നമ്പർ : 89/18

അടങ്കൽ : 150000

ചെലവുതുക : 48000 ( ബിൽ നമ്പർ 1/17-18 തി.07.08.17-12000/-
7/17-18 തി.12.10.17-24000/-
11/17-18 തി.20.01.2018-12000/-)

അസിസ്റ്റന്റ് സെക്രട്ടറി നിർവഹണോദ്യോഗസ്ഥനായി നടപ്പാക്കിയ സ്പിൽഓവർ പ്രോജക്ട് പ്രകാരം പട്ടികജാതി ഗുണഭോക്താക്കൾക്ക് ഗാർഹിക കുടിവെള്ള കണക്ഷന് 6000/- രൂപ വീതം ധനസഹായം നൽകിയിട്ടുണ്ട്. ഇതിൽ ധനസഹായം കൈപ്പറ്റിയ ശ്രീ.ഷിബു.ജി, കോണത്തുകരപുത്തൻവീട്, ഞാറവിള, കാട്ടാക്കട എന്ന ഗുണഭോക്താവ് എസ്.സി . വിഭാഗത്തിൽപ്പെട്ടയാളാണെന്ന് തെളിയിക്കുന്ന സർട്ടിഫിക്കറ്റ് ഫയലിൽ സൂക്ഷിച്ചിട്ടില്ല. അടിസ്ഥാന രേഖകൾ ലഭ്യമാക്കാതെ ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകിയത് സംബന്ധിച്ച് മോണിട്ടറിംഗ് സമിതിയോ, ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മറ്റിയോ പരിശോധനക്ക് വിധേയമാക്കിയിട്ടില്ല.

അപാകത സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നൽകിയതിന് ഗുണഭോക്താവിന്റെ ജാതി സർട്ടിഫിക്കറ്റ് സമർപ്പിക്കുന്നതാണെന്നുള്ള മറുപടിയാണ് നൽകിയിട്ടുള്ളത്.

രേഖകൾ ഹാജരാക്കുന്നതു വരെ 6000/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-18 പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വിതരണം പ്രോജക്ട് നടത്തിപ്പിലെ അപാകതകൾ 27500/രൂപ തടസ്സപ്പെടുത്തുന്നു

പ്രോജക്ട് നം. : 228/2018(പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ്)

അടങ്കൽ : 90,000/-

ചെലവ് : 82,500/-(ബിൽ നം.4/17 തീയതി.29.08.2017)

കാട്ടാക്കട ഗ്രാമപഞ്ചായത്തിലെ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വിതരണം എന്ന പ്രോജക്ട് പ്രകാരം മൂന്ന് വിദ്യാർത്ഥികൾക്ക് 27500/- രൂപ നിരക്കിൽ Power CMS Technology എന്ന സ്ഥാപനത്തിൽ നിന്നും ലാപ്ടോപ്പ് വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. അസിസ്റ്റന്റ് സെക്രട്ടറി നിർവഹണോദ്യോഗസ്ഥനായ പ്രോജക്ട് നടത്തിപ്പുമായി ബന്ധപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. പ്രോജക്ടുപ്രകാരം ആനുകൂല്യം ലഭിച്ച ശ്രീ.നന്ദു.എസ്.എസ്, നന്ദനം, മുഴവൻകോട് എന്ന ഗുണഭോക്താവിനെ ജില്ലാപഞ്ചായത്തിൽ നിന്നും ഇതേ ആനുകൂല്യത്തിനുള്ള ഗുണഭോക്താവായി ഗുണഭോക്തൃലിസ്റ്റിൽ (പനയംകോട് വാർഡ്) ഉൾപ്പെടുത്തിയിട്ടുണ്ട്.

2. പ്രസ്തുത വിദ്യാർത്ഥിക്ക് മുൻപ് ലാപ്ടോപ്പ് നൽകിയിട്ടില്ലായെന്ന് പട്ടികവർഗ്ഗ വികസനവകുപ്പിൽ നിന്നുമുള്ള സാക്ഷ്യപത്രം സൂക്ഷിച്ചിട്ടില്ല.
ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി സാക്ഷ്യപത്രം ഹാജരാക്കാമെന്ന് അറിയിച്ചിരിക്കുന്നു. ടിയാന് പ്രസ്തുത ആനുകൂല്യം ലഭിച്ചിട്ടില്ലായെന്നുള്ള പട്ടികവർഗ്ഗ വികസനവകുപ്പിൽ നിന്നുമുള്ള സാക്ഷ്യപത്രവും, ജില്ലാപഞ്ചായത്തിൽ നിന്നുള്ള സാക്ഷ്യപത്രവും ഹാജരാക്കുന്നതുവരെ ചെലവു തുക 27500/- രൂപ തടസ്സപ്പെടുത്തുന്നു. ഈ റിപ്പോർട്ട് കിട്ടി 30 ദിവസത്തിനകം രേഖകൾ ഹാജരാക്കാത്ത പക്ഷം തടസ്സ തുക നിരാകരണമാക്കുന്നതാണ്.

3. ആനുകൂല്യം ലഭിച്ച മറ്റ് രണ്ട് ഗുണഭോക്താക്കളായ ഗ്രീഷ്മ.എസ്.ജെ, (ഗ്രീഷ്മം, കട്ടയ്ക്കോട്), ലിജിത.സി.എം., (ചിറവരമ്പു വീട്, പ്ലാവൂർ, ആമച്ചൽ.പി.ഒ) എന്നീ വിദ്യാർത്ഥിനികൾ ഗ്രാമസഭാലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല.

ഓഡിറ്റ് എൻക്വയറി നൽകിയതിന് പട്ടികവർഗ്ഗ വിദ്യാർത്ഥികളെ തെരഞ്ഞെടുത്തത് ഊരുകൂട്ട തീരുമാന പ്രകാരമാണെന്ന് മറുപടി നൽകിയിട്ടുണ്ട്. എന്നാൽ ഊരുകൂട്ടമിനിട്സ് പരിശോധിച്ചതിൽ ഗുണഭോക്താക്കളെ തെരഞ്ഞെടുത്തതിന്റെ വിശദാംശങ്ങളൊന്നും തന്നെ ഉൾപ്പെടുത്തിയിട്ടില്ലായെന്ന് ബോധ്യപ്പെട്ടിട്ടുണ്ട്.

മോണിട്ടറിംഗ് സമിതിയോ, ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മറ്റിയോ ഇക്കാര്യങ്ങൾ പരിശോധനക്ക് വിധേയമാക്കിയിട്ടില്ല. അപാകതയ്ക്ക് വിശദീകരണം നൽകേണ്ടതാണ്.

## 3-19 തൊഴിലുറപ്പ് പദ്ധതി - ഓഡിറ്റ് നിരീക്ഷണങ്ങൾ

2017-18 വർഷം 5560 തൊഴിലാളികൾക്കായി ആകെ 213420 തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ചിട്ടുണ്ട് . 129 കുടംബങ്ങൾക്ക് 100 തൊഴിൽ ദിനങ്ങൾ ലഭിച്ചിട്ടുണ്ട്

തൊഴിലുറപ്പ് പ്രവൃത്തി ഫയലുകളിൽ എസ്റ്റിമേറ്റ് റിപ്പോർട്ട് തയ്യാറാക്കാതെ ഡീറ്റെയിൽഡ് എസ്റ്റിമേറ്റ് തയ്യാറാക്കിയിരിക്കുന്നതിനാൽ എന്ത് തരം പ്രവർത്തനങ്ങളാണ് നടത്താനുദ്ദേശിക്കുന്നതെന്നതിൽ വ്യക്തതയില്ല. പ്രവൃത്തിയുമായി ബന്ധപ്പെട്ട് പ്രോജക്ട് യോഗങ്ങൾ നടത്തിയതിനും, പ്രവൃത്തി സൈറ്റുകളിൽ ബോർഡ് സ്ഥാപിച്ചതിനും തുക ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ഇത് വ്യക്തമാക്കുന്ന ഫോട്ടോകൾ ഒരു ഫയലിലും ഉൾപ്പെടുത്തിയിട്ടില്ല. ഐ.എ.വൈ ഭവനനിർമ്മാണം ഉൾപ്പെടെയുള്ള പ്രവൃത്തി ഫയലുകളിൽ തൊഴിലാളികളുടെ പങ്കാളിത്തം വ്യക്തമാകുന്ന ഫോട്ടോകൾ സൂക്ഷിച്ചിട്ടില്ല. 'പൊന്നാരക്കോണം കളിസ്ഥലം നിർമ്മാണം', 'കൊമ്പാടിക്കൽ വാർഡിലെ അങ്കണവാടി കെട്ടിട നിർമ്മാണം', 'സാൽവേഷൻ ആർമി ചർച്ച് - കോണത്തുകര നടപ്പാത നിർമ്മാണം' തുടങ്ങിയ നിർമ്മാണ പ്രവൃത്തികൾക്ക് മെറ്റീരിയൽ വാങ്ങാൻ തുക ചെലവഴിച്ചിട്ടുണ്ടെങ്കിലും പ്രവൃത്തിയുടെ എം.ബുക്ക് ഫയലിൽ സൂക്ഷിച്ചിട്ടില്ല. പ്രസ്തുത പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമല്ല. സൈറ്റ് ഡയറിയിലെ രേഖപ്പെടുത്തൽ പൂർണ്ണമല്ലാത്തതിനാൽ പ്രവൃത്തികളുടെ പുരോഗതി വിലയിരുത്തുന്നതിന് പര്യാപ്തവുമല്ല.

അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 37/21.11.2018 ) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 3-20 തെരുവുവിളക്ക് ഇലക്ട്രിക് ഉപകരണങ്ങൾ വാങ്ങൽ- നടപടിക്രമങ്ങളിലെ അപാകങ്ങൾ

തെരുവുവിളക്ക് പരിപാലനവുമായി ബന്ധപ്പെട്ട് പഞ്ചായത്തിൽ 2017-18 വർഷം നടപ്പിലാക്കിയ പ്രോജക്ടുകളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ട് നം. | പ്രോജക്ടിന്റെ പേര് | അടങ്കൽ | ചെലവ് |
|---|---|---|---|---|
| 1 | 140/18 | തെരുവുവിളക്കുകൾക്ക് ഇലക്ട്രിക് ഉപകരണങ്ങൾ വാങ്ങൽ | 4 ലക്ഷം(തനത്) | 269180/- (ചെക്ക് നം. 2371645/15.12.17-167036,<br>ചെക്ക് നം. 2371674 തിയതി 31.03.18- 23500<br>ചെക്ക് നം. 1736728/26.03.18 -78644) |
| 2 | 85/18(SO) | എൽ.ഇ.ഡി സ്ട്രീറ്റ് ലൈറ്റുകൾ വാങ്ങി സ്ഥാപിക്കൽ | 229000(CFC) | 224000( ബിൽ നം. 19/25.10.17-74000/-<br>ബിൽ നം. 16/16.09.17-150000) |
| 3 | 167/18 | എൽ.ഇ.ഡി തെരുവിളക്ക് വാങ്ങി സ്ഥാപിക്കൽ | 1000252(CFC) | 1000000 (900355- ബിൽ നം. 22/4.1.18<br>99645 ബിൽ നം. 38/25.03.18) |

*പ്രോജക്ടുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.*

1. പഞ്ചായത്തിലെ എല്ലാ വാർഡുകളിലേയും തെരുവ് വിളക്കുകളുടെ എണ്ണം, അവയിൽ പ്രവർത്തനരഹിതമായത്, മെയിന്റനൻസ് ആവശ്യമായത് എന്നിങ്ങനെയുള്ള അവശ്യ വിവരങ്ങൾ കെ.എസ്.ഇ.ബി. അധികൃതരുമായി സംയുക്ത പരിശോധന നടത്തി തിട്ടപ്പെടുത്തി ആവശ്യകതാ നിർണയം നടത്തിയല്ല പ്രോജക്ടിൽ അടങ്കൽ തുക വകയിരുത്തിയിട്ടുള്ളത്.

*1)* <u>പ്രോജക്ട് നം. 140/18(തെരുവുവിളക്കുകൾക്ക് ഇലക്ട്രിക് ഉപകരണങ്ങൾ വാങ്ങൽ)</u> ന്റെ അടങ്കൽ തുക 4 ലക്ഷം രൂപയാണ്.എന്നാൽ 2,00,000/-രൂപയ്ക്കാണ് ടെണ്ടർ ക്ഷണിച്ചത്. (3.8.17 ലെ എ2-800/17 നമ്പർ കത്ത്).

ടെണ്ടർ രജിസ്റ്ററിൽ ടെണ്ടർ ഓപ്പൺ ചെയ്ത തിയതി, ടെണ്ടർ അംഗീകരിച്ച കമ്മിറ്റി തീരുമാനം, വിജയിച്ച ടെണ്ടർ തുടങ്ങിയ അവശ്യവിവരങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.

29.08.17 ൽ ഏറ്റവും കുറഞ്ഞ റേറ്റ് ക്വാട്ട് ചെയ്ത ആൽഫാ ഇലക്ട്രോണിക്സിന്റെ ടെണ്ടർ കമ്മിറ്റി അംഗീകരിച്ചിട്ടുണ്ട്. ആൽഫാ ഇലക്ട്രോണിക്സ് പഞ്ചായത്തുമായി ഏർപ്പെട്ട കരാറിൽ എത്ര രൂപയ്ക്കാണ് കരാർ ചമച്ചതെന്നോ, ലഭ്യമാക്കേണ്ട സാധനങ്ങളുടെ വിവരങ്ങളോ തീയതിയോ ഒന്നും തന്നെ രേഖപ്പെടുത്തിയിട്ടില്ല. സ്റ്റോർ പർച്ചേസ് മാന്വൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗരേഖ, പഞ്ചായത്ത് രാജ് ആക്ട് എന്നിവയിൽ നിഷ്കർഷിക്കുന്ന അവശ്യവിവരങ്ങൾ ഒന്നും ഇല്ലാതെ ചമച്ച കരാറിന് നിയമപരമായി നിലനിൽപ്പില്ലെന്ന് കാണുന്നു.

(2) <u>പ്രോജക്ട് നം 167/18 എൽ.ഇ.ഡി തെരുവിളക്ക് വാങ്ങി സ്ഥാപിക്കൽ -ഇ ടെണ്ടർ നടപടികൾ സ്വീകരിച്ചിട്ടില്ല</u>

മേൽ പ്രോജക്ടിന്റെ അടങ്കൽ തുക 10,00,252/- രൂപയാണ്. ജി.ഒ (എം.എസ്) 13/2015/ഐ.ടി.ഡി12.05.15 പ്രകാരം എല്ലാ സ്വയംഭരണ സ്ഥാപനങ്ങൾക്കും അഞ്ച് ലക്ഷം രൂപയ്ക്ക് മുകളിൽ വിലയുള്ള സാധനങ്ങളുടെ സമാഹരണത്തിന് ഇ-ടെണ്ടർ സംവിധാനം നിർബന്ധമാക്കിയിട്ടുണ്ട്.എന്നാൽ മേൽ പ്രോജ്ക്ട് പ്രകാരമുള്ള വാങ്ങലുകളിൽ പ്രസ്തുത നിർദ്ദേശം പാലിച്ചിട്ടില്ല.

(3) 2016-17 വർഷം എൽ.ഇ.ഡി ലൈറ്റുകൾ വാങ്ങി സ്ഥാപിക്കുന്നതിനായി 896000/- രൂപയും, 2017-18 സാമ്പത്തിക വർഷം 2 പ്രോജക്ടുകൾ പ്രകാരം 1224000/- രൂപയും ചെലവഴിച്ചിട്ടുണ്ട്. 2018-19 സാമ്പത്തിക വർഷം എൽ.ഇ.ഡി ലൈറ്റുകൾ വാങ്ങുന്നതിനായി മാത്രം 495000/- രൂപയുടെ പ്രോജക്ടിന് അംഗീകാരം ലഭ്യമായിട്ടുണ്ട്. കൂടാതെ 2016-17, 2017-18 വർഷങ്ങളിൽ തെരുവ് വിളക്കുകൾക്ക് മെയിന്റനൻസിനായും വലിയ തുക ചെലവിട്ടിട്ടുണ്ട്. പ്രോജക്ടുകൾക്കൾക്കായി ആവശ്യകതാ നിർണ്ണയം നടത്തിയതിന്റെ രേഖകൾ, പഞ്ചായത്തിലെ തെരുവുവിളക്കുകളുടെ ഇനം തിരിച്ച രജിസ്റ്റർ, എണ്ണം, അവയിൽ ഉപയോഗശൂന്യമായത് എന്നിവ രേഖപ്പെടുത്തിയ രജിസ്റ്ററുകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

തെരുവുവിളക്കുകൾ കത്തിക്കുകയും അവയെ പരിപാലിയ്ക്കുകയും ചെയ്യുക എന്ന ഗ്രാമപഞ്ചായത്തിന്റെ അനിവാര്യ ചുമതലാ നിർവഹണത്തിന്റെ ഭാഗമായ തെരുവുവിളക്കുകൾക്ക് ഉപകരണങ്ങൾ വാങ്ങൽ, പരിപാലനം എന്നിവയ്ക്കായി മാനദണ്ഡങ്ങൾ പാലിച്ച് തുക ചെലവഴിയ്ക്കുവാനും ചെലവുകളെ സാധൂകരിയ്ക്കുന്ന രേഖകളും രജിസ്റ്ററുകളും പരിപാലിയ്ക്കുവാനുമുള്ള നടപടികൾ സ്വീകരിയ്ക്കുവാൻ പൊതുഭരണ ചുമതലയുള്ള ധനകാര്യസ്റ്റാൻഡംഗ് കമ്മിറ്റിയും വൈദ്യുതി എന്ന വിഷയമേഖല കൈകാര്യം ചെയ്യുന്ന വികസന സ്റ്റാൻഡിംഗ് കമ്മിറ്റിയും ഭരണ നിർവഹണാധികാരികളും ശ്രദ്ധിക്കേണ്ടതാണ്.

## 3-21 <u>ചെലവഴിച്ച തുകയ്ക്കുള്ള മരുന്നുകൾ ലഭ്യമായില്ല</u>

മെഡിക്കൽ ഓഫീസർ (അലോപ്പതി) നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പ്രോജക്ടുകൾക്കുള്ള മരുന്നുകൾ യഥാസമയം ലഭ്യമായിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് | ചെലവ് തുക | ബിൽ നം./ തീയതി | ലഭ്യമായ മരുന്നുകളുടെ | ലഭിക്കാൻ അവശേഷിക്കുന്നത് |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| | | | വിവരം (ഇൻവോയ്സ് നം./തീയതി) | |
| പ്രമേഹനിയന്ത്രണ ക്ലിനിക്ക് നം . (S0023/18) | 4,00000/- | 5/17-18 /28.09.2018, 15/17-18/19.03.18 | 11004/24.10.18 തുക, 2,14,720/- 1167/24.10.18 തുക, 8463/- | 176817/- |
| മാനസിക വൈകല്യം സംഭവിച്ചവർക്ക് മരുന്ന് വാങ്ങി നൽകലും ക്യാമ്പും<br>പ്രോജക്ട് നം . S0025/18 | 1,00000/- | 9/17-18/28.09.17 | - | 1,00000/- |
| സാന്ത്വനംപാലിയേറ്റീവ് കെയർ S0021/18 | 3,53,139/- | 3/17-1828.09.2017 16601/- | 7616/29.08.18 തുക, 16601/- | 336538 |

ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാൻറിംഗ് കമ്മിറ്റി ഉചിതമായ തീരുമാനങ്ങൾ കൈക്കൊണ്ട് മേൽ സൂചിപ്പിച്ച അവശേഷിക്കുന്ന തുകയ്ക്കുള്ള മരുന്നുകൾ യഥാസമയം ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-22 ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ -നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് ലഭ്യമായില്ല

പ്രോജക്ട് : ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ

പ്രോജക്ട് നം. : S0024/18

നിർവ്വഹണോദ്യോഗസ്ഥൻ: മെഡിക്കൽ ഓഫീസർ (അലോപ്പതി)

അടങ്കൽ തുക : 1,00000/-

ചെലവ് : 1,00000/-

ബിൽ നം./തിയതി : 7/17-18/25.09.17, 14/17-18/18.12.17

പ്രസ്തുത പദ്ധതിനടത്തിപ്പിലേക്കായി കേരള സംസ്ഥാന ഹോമിയോപ്പതിക്ക് കോ-ഓപ്പറേറ്റീവ് ഫാർമസി ലിമിറ്റഡ് മുഖേന 1,00000/- രൂപയ്ക്ക് മരുന്നുകൾ വാങ്ങുകയുണ്ടായി.എന്നാൽ വകുപ്പ് മുഖേന വിതരണം ചെയ്യാത്ത മരുന്നുകൾ മറ്റ് ഏജൻസികളിൽ നിന്നും വാങ്ങുമ്പോൾ ബന്ധപ്പെട്ട ഡി.എം.ഒ-യിൽ നിന്നും നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് ആവശ്യമാണ് [ജി.ഒ(എം.എസ്)72/2017 ത.സ്വ.ഭവ തീയതി 29.03.2017].

## 3-23 പാലിയേറ്റീവ് സെക്കന്ററി ലെവൽ വിഹിതം നൽകൽ- തുക തടസ്സപ്പെട്ടുത്തുന്നു

പ്രോജക്ട് : പാലിയേറ്റീവ് സെക്കന്ററിലെവൽ വിഹിതം നൽകൽ

പ്രോജക്ട് നം. : S0022/18

നിർവ്വഹണഉദ്യോഗസ്ഥൻ : മെഡിക്കൽ ഓഫീസർ (അലോപ്പതി)

അടങ്കൽ തുക : 1,00000/-

ചെലവ് : 1,00000/-

ബിൽ നം/തിയതി : 1/17-18/29.08.17

പാലിയേറ്റീവ് സെക്കൻഡറി ലെവൽ വിഹിതമായി ജില്ലാപഞ്ചായത്ത് അക്കൗണ്ടിലേക്ക് കൈമാറിയിട്ടുണ്ടെങ്കിലും കൈപ്പറ്റ് രസീത്, വിനിയോഗസാക്ഷ്യപത്രം എന്നിവ ഓഡിറ്റിന് ഹാജരാക്കിയില്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം.20-ന് ലഭ്യമാക്കിയ മറുപടി തൃപ്തികരമല്ല. ആയതിനാൽ ചെലവിനാധാരമായ രേഖകൾ ഹാജരാക്കുന്നതുവരെ 1 ലക്ഷം രൂപ തടസ്സപ്പെടുത്തുന്നു. ഓഡിറ്റ് റിപ്പോർട്ട് ലഭിച്ച് 30 ദിവസത്തിനകം രേഖകൾ ഹാജരാക്കാത്ത പക്ഷം ചെലവ് തുക നിരാകരണമാക്കി സർചാർജ്ജ് നടപടിയ്ക്കു ശുപാർശ ചെയ്യുന്നതാണ്.

## 3-24 അങ്കണവാടികളിലെ അടിസ്ഥാനസൗകര്യങ്ങൾ അപര്യാപ്തം

കാട്ടാക്കട ഗ്രാമപഞ്ചായത്തിലെ അങ്കണവാടികളിൽ അടിസ്ഥാന സൗകര്യങ്ങൾ അപര്യാപ്തമാണ്.വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

(1)സ്വന്തമായി കെട്ടിടം ഇല്ലാത്തവ-5

(2)സ്വന്തമായി കെട്ടിടം ഇല്ലാത്തതും സൗജന്യമായി പ്രവർത്തിക്കുന്നതും-3

(3)കുടിവെള്ളം ഇല്ലാത്തവ-12

(4)വൈദ്യുതി ഇല്ലാത്തവ-1

(5)ചുറ്റുമതിൽ ഇല്ലാത്തവ-7

(6)ചുറ്റുമതിൽ ഭാഗിമായിക ഉള്ളവ-3

അങ്കണവാടികളുടെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് വേണ്ട സത്വരനടപടികൾ പഞ്ചായത്ത് കൈകൊള്ളേണ്ടതാണ്.

## 3-25 ജാഗ്രതാസമിതി-പ്രവർത്തനം മെച്ചപ്പെടുത്തണം

സ്ത്രീകളുടെയും കുട്ടികളുടെയും ജീവിത സുരക്ഷിതത്വം ഉറപ്പ് വരുത്തുന്നതിനും അവരുടെ അന്തസ്സും പദവിയും ഉയർത്തിപ്പിടിക്കുന്നതിനും അവർക്കെതിരെയുള്ള അതിക്രമങ്ങളും അവകാശ ലംഘനങ്ങളും തടയുന്നതിനുവേണ്ടി രൂപീകരിച്ചിട്ടുള്ള സംവിധാനമാണ് ജാഗ്രതാസമിതി. [ജി.ഒ(എം.എസ്)39/2004 /എസ്.ഡബ്ല്യു.ഡി തിയതി 28.05.2004]. പ്രസ്തുത ജാഗ്രതാസമിതിയുടെ ഗ്രാമപഞ്ചായത്തിലെ പ്രവർത്തനം തൃപ്തികരമല്ല. ഓഡിറ്റ് പഞ്ചായത്ത് തലത്തിൽ ജാഗ്രതാസമിതി 2 തവണ മാത്രമെ കൂടിയിട്ടുള്ളൂ. വാർഡ്തല ജാഗ്രതാസമിതിയുടെയും പഞ്ചായത്തതല ജാഗ്രതാസമിതിയുടെയും യോഗങ്ങൾ എല്ലാ മാസവും വിളിച്ച് കൂട്ടേണ്ടതും വരും വർഷങ്ങളിൽ ജാഗ്രതാസമിതിയുടെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ ബന്ധപ്പെട്ട ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും, വർക്കിംഗ് ഗ്രൂപ്പും ശ്രദ്ധിക്കേണ്ടതാണ്.

## 3-26 വിവിധ പദ്ധതികൾക്കായി ലഭിച്ച തുകകൾ ചെലവാക്കാതെ തനത് ഫണ്ട് അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുന്നു.

വാർഷിക ധനകാര്യ പത്രിക ബി.4-ഷെഡ്യൂൾ പ്രകാരം വിവിധ സ്ഥാപനങ്ങളിൽ/ഏജൻസികളിൽ നിന്നും ലഭിച്ചതിൽ 2365750/- രൂപ ചെലവഴിക്കാതെ തനത് ഫണ്ടിൽ സൂക്ഷിച്ചിരിക്കുന്നു.
ചെലവഴിക്കാതെ തനത് ഫണ്ടിൽ സൂക്ഷിച്ചിരിക്കുന്ന തുകകൾ ഏന്താവശ്യത്തിലേക്കാണോ ലഭിച്ചത് ആയതിനായി ചെലവഴിക്കേണ്ടതും അല്ലാത്ത പക്ഷം അതാത് ഹെഡിൽ തിരിച്ചടച്ച് വിവരം ലഭ്യമാക്കേണ്ടതുമാണ്.

# ഭാഗം-4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം സംയുക്ത

## പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| ക്രമ നം. | വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|---|
| 1 | നെടുമങ്ങാട് ബ്ലോക്ക് പഞ്ചായത്ത് - | 2017-18 | 20400 | ജൈവസമൃദ്ധി | 11560 | 88840 |
| 2 | | | 218625 | മാനസിക വെല്ലുവിളി-സ്കോളർഷിപ്പ് | 178992 | 39633 |
| 3 | | | 458000 | വനിത - പാലിന് സബ്സിഡി | 458000 | ഇല്ല |
| 4 | | | 573800 | പാലിന് സബ്സിഡി | 573800 | ഇല്ല |
| 5 | | | 900000 | അംഗൻവാടി മെയിന്റനൻസ് | 0 | 900000 |
| 6 | ജില്ലാ പഞ്ചായത്ത് | | 20400 | ജൈവസമൃദ്ധി | 11560 | 8840 |
| 7 | | | 350000 | പാലിന് സബ്സിഡി | 350000 | ഇല്ല |
| 8 | | | 300000 | പാലിന് സബ്സിഡി വനിത | 300000 | ഇല്ല |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരം

ഓഡിറ്റ് വർഷത്തിൽ താഴെപ്പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂറായി തുക നൽകിയിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | പദ്ധതി നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.ഡബ്ല്യു.എ | കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ | 217/18 | 2712442 | 0 | 2712442 |
| | അംഗൻവാടികൾക്ക് വാട്ടർ കണക്ഷൻ | 178/18 | 626000 | 0 | 626000 |
| | കരുതംകോട് ഗവ.എൽ.പി സ്കൂളിന് വാട്ടർ കണക്ഷൻ | 250/18 | 60000 | 0 | 60000 |
| കെ.എസ്.ഇ.ബി | പോസ്റ്റ് ഷിഫ്റ്റിംഗ് | SO 135/18 | 216827 | 216827 | 0 |
| | തെരുവ് വിളക്ക് ലൈൻ നീട്ടൽ | SO 209/18 | 1996017 | 0 | 1996017 |
| | | SO 86/18 | 9450 | 0 | 9450 |

മുൻവർഷങ്ങളിൽ കെ.എസ്.ഇ.ബിയ്ക്ക് ഡെപ്പോസിറ്റ് നൽകിയ തുകയിൽ 940592/- രൂപയും, കെ.ഡബ്ല്യു.എയിൽ ഡെപ്പോസിറ്റ് നൽകിയ 543500/- രൂപയും വിനിയോഗസാക്ഷ്യ പത്രം ലഭിച്ചിട്ടില്ല.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് (നൽകിയത് ക്രമീകരിക്കാൻ അവശേഷിക്കുന്നത്)

ഇല്ല

## 4-4 വായ്പ തിരിച്ചടവിന്റെ വിവരം

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ ഉദ്ദേശ്യം | ഉത്തരവ് നം. / തീയതി | വായ്പ തുക | തിരിച്ചടയ്ക്കാനുള്ള മുൻബാക്കി | തൻവർഷം അടച്ചത് | | വർഷാ വസാന ബാക്കി |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം. എസ് ഭവന പദ്ധതി | സ.ഉ(സാധാ) നം.275/2010 ത.സ്വ.ഭ.വ തീയതി 27.01.2010 | 16490000 | 4931426 | 1643808 | - | **(*1)** 3287618 |

എന്നാൽ വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള നീക്കിയിരിപ്പ് 3287619/- രൂപയാണ്.

## 4-5 സ്ഥിര നിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

ഇല്ല

## 4-8 ഓഡിറ്റ് പ്രത്യവലോകനം

*(എ) സംക്ഷിപ്ത വിവരം*

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 135260,190 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 128598059 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/<br>ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 7923 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 6137334 |

*(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം*

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-8 | 7923 | ശ്രീമതി.ഗംഗ.എസ്, അസിസ്റ്റന്റ് എഞ്ചിനീയർ |

(സി) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-10 | 5703909 | ശ്രീ.ജീവൻ.എസ്, സെക്രട്ടറി |
| 3-17 | 6000 | ശ്രീ.ഇ.എസ് കൃഷ്ണകുമാർ, അസിസ്റ്റന്റ് സെക്രട്ടറി |
| 3-18 | 27500 | ശ്രീ.ഇ.എസ് കൃഷ്ണകുമാർ, അസിസ്റ്റന്റ് സെക്രട്ടറി |

*(ഡി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം*

ഇല്ല

*(ഇ) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ*

ഇല്ല

*(എഫ്) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ*

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി ഗംഗ.എസ്, അസി.എഞ്ചിനീയർ | ലഭ്യമല്ല | പി.സി.54/2309, സ്വാതിലൈൻ, പാപ്പനംകോട്, തിരുവനന്തപുരം |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 2000-01 | എൽഎഫ്.റ്റിഡി.ജി.പി.2/49/02 തീയതി 11.06.2014 | 1 | |
| 2001-02 | എൽഎഫ്.റ്റിഡി.ജി.പി.5/900/02 തീയതി 11.06.2014 | - | |
| 2002-03 | എൽഎഫ്.റ്റിഡി.ജി.പി.5/976/04 തീയതി 11.06.2014 | 1 | |
| 2003-04 | എൽഎഫ്.റ്റിഡി.ജി.പി.5/310/06 തീയതി 11.06.2014 | 2 | |
| 2004-05 | എൽഎഫ്.റ്റിഡി.ജി.പി.5/347/08 തീയതി 11.06.2014 | - | |

| | | | |
|---|---|---|---|
| 2005-06 | എൽഎഫ്.റ്റിഡി.ജി.പി.5/346/08 തീയതി 11.06.2014 | 2 | |
| 2006-07 | എൽഎഫ്.റ്റിഡി.ജി.പി.5/1881/08 | - | |
| 2007-08 | എൽഎഫ്.റ്റിഡി.ജി.പി.5/302/08 | 3 | |
| 2008-09 | എൽഎഫ്.റ്റിഡി.ജി.പി.5/303/10 | 8 | |
| 2009-10 | എൽഎഫ്.റ്റിഡി.ജി.പി.5/885/11 | 15 | |
| 2010-11 | എൽഎഫ്.റ്റിഡി.ജി.പി.5/1876/12 | 16 | |
| 2011-12 | എൽഎഫ്.റ്റിഡി.ജി.പി.5/ തീയതി 04.04.2014 | 14 | |
| 2012-13 | എൽഎഫ്.റ്റിഡി.ജി.പി.5/ തീയതി 02.02.2015 | 13 | |
| 2013-14 | എൽഎഫ്.റ്റിഡി.ജി.പി.5/ തീയതി 18.08.2015 | 11 | |
| 2014-15 | എൽ.എഫ്.റ്റി.ഡി.ജി.പി.5/1059/2016 തീയതി 04.07.2016 | 11 | |
| 2015-16 | കെ.എസ്.എ.റ്റി.വി.എം. ജി.പി.5/2132/2016 തീയതി 19.12.2016 | 5 | |
| 2016-17 | കെ.എസ്.എ.റ്റി.വി.എം.ജി.പി.5/1666/17 തീയതി 21.08.2017 | 14 | |

ഒപ്പ്
ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാനഓഡിറ്റ് വകുപ്പ്

അനുബന്ധം -1

1994 ലേ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും തിരുവനന്തപുരം ജില്ലയിലെ കാട്ടാക്കട ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റുകൾ പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഭാഗം 1-ലെ ഖണ്ഡിക നം. 12 ഒഴികെ, എന്റെ അഭിപ്രായത്തിൽ കാട്ടാക്കട ഗ്രാമപഞ്ചായത്തിന്റെ 2017-18 ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഒപ്പ്

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.